നം.കെ.എസ്.എ.പി.റ്റി.എ./പി 8/31/17 തീയതി : 30.01.2017

## പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം215(4)-ാം വകുപ്പ് ,1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോയിപ്രം ഗ്രാമപ്പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപ്പഞ്ചായത്ത് 14-01-2016 മുതൽ 03-01-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ ഹബീബ് മുഹമ്മദ്<br>ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച | ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ |
|---|---|

| സമയം | പേര് വിവരം |
|---|---|
| 04.01.2017മുതൽ<br>13-01-2017 വരെ | ശ്രീ ജോർജജ് പി മാത്യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. ഷൈജു.വൈ, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി അശ്വതി വി നായർ ഓ ഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി കെ അജിത (01-04-2015മുതൽ 31-10-2015 വരെ) |
| | : | ഭരണ നിർവ്വഹണ സമിതി (01-11-2015 മുതൽ 18-11-2015 വരെ) |
| | : | ശ്രീ മോൻസി കിഴക്കേടത്ത്(19-11-2015 മുതൽ 31-03-2016 വരെ) |
| സെക്രട്ടറി | : | ശ്രീമതി കെ മിനിബായി (01-04-2015മുതൽ 31-03-2016വരെ) |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3 : ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

ഉള്ളടക്കം

ഭാഗം 1



| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ | 1-10 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | അനുബന്ധ പത്രികകൾ | 1-12 |



ഭാഗം-II



| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | കെട്ടിട നിർമ്മാണ പെർമിറ്റ് - എഫ്.എ.ആർ വർദ്ധനവിന് ആനുപാതികമായി അധികനിരക്ക് ഈടാക്കിയില്ല | 2-1 |
| 2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പുതിയ നിരക്കിൽ ഈടാക്കുന്നില്ല | 2-2 |
| 3 | വസ്തു നികുതി പരിഷ്കരണ പുരോഗതി | 2-3 |
| 4 | പരസ്യനികുതി പിരിക്കുന്നില്ല | 2-4 |

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 5 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല | 2-5 |
| 6 | ഡി & ഒ ലൈസൻസ് അപാകതകൾ | 2-6 |
| 7 | ഡി & ഒ ലൈസൻസിനുള്ള അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന എണ്ണമടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-7 |

ഭാഗം-III

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | എസ്.സി വിഭാഗത്തിൽപെട്ടവർക്ക് ഫ്ലാറ്റ് നിർമ്മാണം, ശ്മശാനം എന്നിവക്കായി സ്ഥലം വാങ്ങിയെങ്കിലും ഫ്ലാറ്റ് നിർമ്മാണവും ശ്മശാനവും യാഥാർത്ഥ്യമായില്ല | 3-1 |
| 2 | ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര വീഴ്ച | 3-2 |
| 3 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം യഥാസമയം അടവാക്കാതിരുന്നതിനാൽ പിഴപ്പലിശ അടവാക്കി | 3-3 |
| 4 | ഉന്നത വിദ്യാഭ്യാസ ധനസഹായം- ആനുകൂല്യം നൽകിയതിൽ അപാകത | 3-4 |
| 5 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തീറ്റപ്പുൽകൃഷിക്ക് കൂലിച്ചെലവ് അനുവദിച്ചു | 3-5 |
| 6 | കാലിത്തൊഴുത്ത് നിർമ്മാണം- അർഹതയില്ലാത്തവർക്ക് സബ്സിഡി അനുവദിച്ചു | 3-6 |
| 7 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അർഹമായ അനുകൂല്യം നിഷേധിക്കുന്നു | 3-7 |
| 8 | മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി | 3-8 |

| | | |
|---|---|---|
| 9 | തെരുവ് വിളക്ക് സ്ഥാപിക്കൽ- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 3-9 |
| 10 | അലുമിനിയം ഷീറ്റ് റൂഫിംഗിന് അധിക നിരക്ക് അനുവദിച്ചു | 3-10 |
| 11 | തെരുവ് വിളക്കുകളുടെ മീറ്ററിംഗ്- തുക അടവാക്കിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ല | 3-11 |
| 12 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ചോർത്തുന്നു | 3-12 |
| 13 | മത്സ്യ മാർക്കറ്റ് നിർമ്മാണം- തുടർപ്രവർത്തനങ്ങൾ നടന്നിട്ടില്ല | 3-13 |
| 14 | എ.ബി.സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-14 |
| 15 | മൃഗാശുപത്രി വയറിംഗ്- ചെലവായതിന്റെ ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കണം | 3-15 |
| 16 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ വീഴ്ച | 3-16 |
| 17 | അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-17 |
| 18 | ഭവന പുനരുദ്ധാരണം- ഒരേ ഗുണഭോക്താക്കൾക്ക് തന്നെ തുടർച്ചയായ വർഷങ്ങളിൽ ആനുകൂല്യം നൽകി | 3-18 |
| 19 | ഭവന പുനരുദ്ധാരണം- സ്വന്തം പേരിൽ വീടില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 3-19 |
| 20 | എസ്.സി കുട്ടികൾക്ക് ലാപ് ടോപ്പ്- ലഭ്യമായ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല | 3-20 |
| 21 | സ്റ്റുഡന്റ് പോലീസ് കേഡറ്റ്- വികസനഫണ്ട് ഉപയോഗിച്ചിരിക്കുന്നു | 3-21 |
| 22 | ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തി സുതാര്യമല്ല | 3-22 |
| 23 | പ്രവൃത്തികളുടെ കൺവീനർമാരെ സംബന്ധിച്ച് അവ്യക്തത | 3-23 |
| 24 | ആശ്രയ പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല | 3-24 |


ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

| | |
|---|---|
| 2015-16-ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത് ) |
| ഭരണസമിതിയുടെ 25-03-2015 ലെ l-ാം നമ്പർ തീരുമാനം | ഇല്ല |

ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 9364582 | 21765061 | 12400479 | |

| | | | | |
|---|---|---|---|---|
| വരവ് | 68910790 | 34509735 | | 34401055 |
| ആകെ | 78275372 | 56274796 | | 22000576 |
| ചെലവ് | 70903969 | 45304289 | | 25599680 |
| നീക്കിയിരിപ്പ് | 7371403 | 10970507 | 3599104 | |

ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണസമിതി അംഗീകരിക്കുന്ന പദ്ധതികളുടെ ചെലവ് കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമെ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാകുകയുള്ളൂ. എന്നാൽ 2015-16 വർഷത്തെ വാർഷിക ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകരം വാങ്ങുകയുണ്ടായില്ല.

## (1-2) വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15-05-2016 | 28-07-2016 |

## (1-3) വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2015-16വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1. ഷെഡ്യൂൾ-ബി-4- താഴെ പറയുന്ന തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്ന് വ്യക്തമല്ല. മുൻവർഷ ബാലൻസ് ഷീറ്റിൽ കാണിച്ചിരുന്ന തുകകൾ ക്യാരിഓവർ ചെയ്തിരിക്കുകയാണ്.

| | |
|---|---|
| സംയുക്ത പ്രൊജക്ട്- ബ്ലോക്ക് പഞ്ചായത്ത് | രു.241187 |
| സംയുക്ത പ്രൊജക്ട്- ജില്ലാ പഞ്ചായത്ത് | രു.100000 |
| സ്പെസിഫിക് പർപ്പസ്(ക്യാപ്പിറ്റൽ)- ബ്ലോക്ക് പഞ്ചായത്ത്- | രു.200000 |
| സ്പെസിഫിക് പർപ്പസ്(റവന്യൂ)- ബ്ലോക്ക് പഞ്ചായത്ത്- | രു.150000 |

2. B-4- ഗുണഭോക്തൃവിഹിതം- ചെലവഴിക്കാത്ത തുകയായി 709679/- രൂപ കാണിച്ചിരിക്കുന്നു. ഇത് മുൻവർഷ ബാലൻസ് ഷീറ്റിലെ ബാലൻസ് തുക തന്നെയാണ്.

യഥാർത്ഥത്തിൽ ഇപ്രകാരമൊരു ബാലൻസ് ഇല്ല.

3. B-7- ഡെപ്പോസിറ്റുകൾ- Suppliers EMD ആയി 3000രൂപയും, Bidders EMD ആയി 68500 രൂപയും, Contractors security deposit ആയി 274048രൂപയും ബാലൻസ് കാണിച്ചിരിക്കുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം 32000രൂപ മാത്രമാണ് ആകെ ബാലൻസ് കാണിച്ചിരിക്കുന്നത്. ഇതിന്റെ വിവരം ഇനം തിരിച്ച് കാണിച്ചിട്ടില്ല.

4. B-11: Fixed Assets- ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടില്ല. ഭൂരിഭാഗം ഇനങ്ങളിലും മുൻവർഷ കണക്കിലെ തുകകൾ തന്നെ ക്യാരി ഓവർ ചെയ്തിരിക്കുകയാണ്. സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.(ഓപ്പണിംഗ് സ്റ്റോക്ക്, തൻ വർഷത്തെ സ്റ്റോർ പർച്ചേസിന്റെ മൂല്യം, ക്ലോസിംഗ് സ്റ്റോക്ക് മുതലായ വിവരങ്ങൾ). 8.8.12-ലെ സ.ഉ.(കൈ) നം.212/12/ത.സ്വ.ഭ.വ- ഉത്തരവു പ്രകാരം ആസ്തികളുടെ തേയ്മാനം കുറവു ചെയ്ത് ആസ്തി മൂല്യം കണക്കാക്കേണ്ടതാണ്.

5. B-14- Stock in hand(Inventories)- 200രൂപ Purchase of material എന്നയിനമായി കാണിച്ചിരിക്കുന്നു. ഈ തുക എന്താണെന്ന് വ്യക്തമല്ല. മുൻവർഷ തുക ക്യാരിഓവർ ചെയ്തിരിക്കുകയാണ്.

6. B-18- അഡ്വാൻസ്- കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റായി 29000രൂപ കാണിച്ചിരിക്കുന്നു. ഇത് ഏത് പ്രവൃത്തിയ്ക്കു വേണ്ടി ഡെപ്പോസിറ്റ് ചെയ്തതാണെന്ന വിവരമില്ല. മുൻവർഷ തുക ക്യാരിഓവർ ചെയ്തിരിക്കുകയാണ്.

7. I-6- സമ്പൂർണ്ണ ശുചിത്വം- 170000രൂപ കാണിച്ചിരിക്കുന്നത് ഏതിനമാണെന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ, NREGS തുകയായി കാണിച്ചിരിക്കുന്ന തുക യഥാർത്ഥ തുകയിൽ നിന്ന് വ്യത്യസ്തമാണ്. (ഷെഡ്യൂളിലെ തുക 42287600രൂപയും യഥാർത്ഥ തുക 4420600രൂപയുമാണ്).

8. RP-31- NREGS- ഷെഡ്യൂളിലെ തുക 214177രൂപയും യഥാർത്ഥ തുക 213160/- രൂപയുമാണ്.

9. വസ്തുനികുതി ഡിമാന്റ്, ബാലൻസ് തുകകൾ കൃത്യമായി കണക്കാക്കിയിട്ടില്ല. ആയതിനാൽ RP-43, I-1, B-15 എന്നീ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. തൊഴിൽനികുതി, ഡി&ഓ ലൈസൻസ് എന്നയിനങ്ങളിൽ കാണിച്ചിരിക്കുന്ന തുകകളും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## (1-4) സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 21765061 |
| വരവ് | 34509735 |
| ആകെ | 56274796 |

| | |
|---|---|
| ചെലവ് | 45304289 |
| നീക്കിബാക്കി | 10970507 |

## (1-5) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 991671 | 4369600 | 2836759 | 8198030 | 8198030 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 2702436 | 3436887 | 0 | 6139323 | 4856267 | 1283056 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 97450 | 5000 | 0 | 102450 | 5000 | 97450 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1930198 | 4988181 | 0 | 6918379 | 6918379 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2222507 | 719920 | 0 | 2942427 | 2942427 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1238442 | 4029889 | 0 | 5268331 | 3320643 | 1947688 | 0 |
| ലോക ബാങ്ക് സഹായം | 48565 | 0 | 0 | 48565 | 0 | 48565 | 0 |

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 163 | 125 | 2 | 36 | 76.68 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 10 | 6 | 1563767 | 653713 | 41.80 |
| കൃഷി ഓഫീസർ | 5 | 4 | 1315665 | 1162550 | 88.36 |
| വെറ്റിനറി സർജൻ | 8 | 8 | 2512500 | 1222500 | 48.66 |
| വി.ഇ.ഒ | 4 | 4 | 2394000 | 2005000 | 83.75 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 103 | 79 | 30737271 | 20062749 | 65.27 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 1982900 | 1503563 | 75.83 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 650000 | 650000 | 100 |
| മെഡിക്കൽ ഓഫീസർ (ആയ്യുർവ്വേദം) | 1 | 1 | 280000 | 250000 | 89.28 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 30000 | 30000 | 100 |
| ഹെഡ് മാസ്റ്റർ | 2 | 2 | 320000 | 320000 | 100 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 19 | 13 | 9028250 | 4756267 | 52.68 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 880000 | 215000 | 24.43 |

| | | | | | |
|---|---|---|---|---|---|
| ആകെ | 163 | 127 | 51694353 | 32831342 | 63.51 |

## (1-7) തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4883547 | 4924161 | 40614 | (+ 0.83%) |
| നികുതിയേതര വരവുകൾ | 1378001 | 1390178 | 12177 | (+ 0.88%) |
| മറ്റ് വരവുകൾ | 506456 | 873358 | 366902 | (+ 72.44%) |
| ആകെ | 6768004 | 7187697 | 419693 | (+ 6.20%) |

## (1-8) സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 6 | 6 | 0 |
| 2 | വിധവാ പെൻഷൻ | 51 | 49 | 2 |
| 3 | വികലാംഗ പെൻഷൻ | 17 | 17 | 0 |
| 4 | വാർദ്ധക്യകാല പെൻഷൻ | 262 | 250 | 12 |

## (1-9) ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-01-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1802/- (ആയിരത്തി എണ്ണൂറ്റി രണ്ട് ) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## (1-10) ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

I) മിനിറ്റ്സ് ബുക്ക് - അപാകതകൾ

ഗ്രാമപഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

സാക്ഷ്യപ്പെടുത്താത്ത മിനിറ്റ്സുകൾ

9.3.15, 12.6.15, 29.1.16, 8.2.16, 21.3.16, 29.3.16 എന്നീ തീയതികളിലേയും, 27.4.16മുതലുള്ള മിനിറ്റ്സുകളും ക്ലോസ് ചെയ്ത് ബഹു.പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപൂർണ്ണമായ മിനിറ്റ്സുകൾ

താഴെ പറയുന്ന തീയതികളിലെ ചില തീരുമാനങ്ങൾ അപൂർണ്ണമാണ്. തീരുമാനങ്ങൾ പൂർണ്ണമായി രേഖപ്പെടുത്താതെ സ്ഥലം വിട്ടിരിക്കുന്നതായി കാണപ്പെടുന്നു.

| തീയതി | പേജ് നം. | തീരുമാനം നം., വിഷയം |
|---|---|---|
| 21.3.15 | 34 | 1- ജനകീയാസൂത്രണം- 14-15,15-16 |
| 21.3.15 | 39 | 9- വിഷയം രേഖപ്പെടുത്തിയിട്ടില്ല |
| 22.4.15 | 87 | 1- ജനകീയാസൂത്രണം- അവലോകനം |
| 22.5.15 | 119 | 3- സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനങ്ങൾ |
| 12.6.15 | 131 | 1- ജനകീയാസൂത്രണം-15-16- നടപ്പാക്കൽ |
| 8.2.16 | 56 | 1- വിഷയം രേഖപ്പെടുത്തിയിട്ടില്ല |
| 29.3.16 | 91 | 4- ബിറ്റുമിൻ പ്ലാന്റ് ലൈസൻസ് |

മിനിറ്റ്സുകൾ അപൂർണ്ണമായി ഇട്ടിരിക്കുന്നതും സാക്ഷ്യപ്പെടുത്താതെയിട്ടിരിക്കുന്നതും തെറ്റായ നടപടിയാണ്. ഇതിന് വിശദീകരണം നൽകേണ്ടതാണ്. തീരുമാനങ്ങൾ യഥാസമയം രേഖപ്പെടുത്തിയും സാക്ഷ്യപ്പെടുത്തിയും സൂക്ഷിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

II) രസീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന മാന്വൽ രസീതുകൾ

ക്യാൻസൽ ചെയ്ത് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. സാംഖ്യ രസീതുകളും മാന്വൽ രസീതുകളും ഉൾപ്പെടെ ക്യാൻസൽ ചെയ്ത രസീതുകളെല്ലാം സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ഉണ്ടായ വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു.

## (1-11) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14-12-2016 മുതൽ 15-12-2016 വരെ | 10/16, 11/16 | ലഭിച്ചില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 27-11-2012 മുതൽ 11-12-2012 വരെ | 2007-08 മുതൽ 2011-12 വരെ | 09-04-2013 | ഇല്ല |

## (1-12) അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) കെട്ടിട നിർമ്മാണ പെർമിറ്റ് - എഫ്.എ.ആർ വർദ്ധനവിന് ആനുപാതികമായി അധികനിരക്ക് ഈടാക്കിയില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽപ്പെട്ട കോയിപ്രം വില്ലേജിൽ റീ സർവ്വേ നമ്പർ 23/6 സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് ശ്രീ ജസ്റ്റിൻ ജോഷ്വ സാം / ശ്രീമതി നിസ്സി കെ തോമസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കൊമേഴ്സ്യൽ കം ഫ്ലാറ്റ് നിർമ്മാണത്തിന് പെർമിറ്റ് നൽകിയിരുന്നു (പെർമിറ്റ് നം-C5-5967/15 തീയതി 17-11-2015). എന്നാൽ കെട്ടിടത്തിന് അനുവദനീയമായതിലും അധികം തറവിസ്തീർണ്ണാനുപാതമാണുള്ളത് ( F.A.R). അധികമായുള്ള തറവിസ്തീർണ്ണാനുപാതത്തിന് ഗ്രാമപ്പഞ്ചായത്ത് അധിക ഫീസ് ഈടാക്കിയില്ല.

2070.56 $m^2$ പ്ലിന്ത് ഏരിയായുള്ള കെട്ടിടത്തിനാണ് പെർമിറ്റ് നൽകിയത്. പ്ലോട്ട് വിസ്തീർണ്ണം 970 $m^2$.. ഇത് പ്രകാരം കെട്ടിടത്തിന്റെ F.A.R (2070.56 $m^2$/970 $m^2$) 2.13 ആണ്. 2011 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 35 പ്രകാരം കാറ്റഗറി II ഗണത്തിൽപ്പെട്ട ഗ്രാമപ്പഞ്ചായത്തുകളിൽ കൊമേഴ്സ്യൽ ബിൽഡിംഗ് നിർമ്മാണത്തിന് അനുവദനീയമായ F.A.R 1.75ആണ് (2011 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കോയിപ്രം ഗ്രാമപ്പഞ്ചായത്ത് കാറ്റഗറി II ഗണത്തിൽപ്പെട്ടതാണ്.) എഫ്.എ.ആർ 1.75ൽ കൂടുതലായി വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ചട്ട പ്രകാരം അധിക ഫീസ് ഈടാക്കേണ്ടതാണ്. ഇത് പ്രകാരം 1697.5 $m^2$ നിർമ്മാണമാണ് അനുവദനീയമായിട്ടുള്ളത്. 373.06 $m^2$ നിർമ്മാണം ( 2070.56 – 1697.50 $m^2$ = 373.06 $m^2$ )അനുവദനീയമല്ല. ആയതിന് ചട്ട പ്രകാരം അധിക തറവിസ്തീർണ്ണത്തിന്റെ ഓരോ ചതുരശ്ര മീറ്ററിനും 500 രൂപ എന്ന കണക്കിൽ 186530 രൂപ (373.06 X 500) ഈടാക്കിയതിന് ശേഷം മാത്രമായിരുന്നു പ്രസ്തുത കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കേണ്ടിയിരുന്നത്.

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.( നം-16 തീയതി 12-01-2017). അധിക നിരക്കിനത്തിൽ ഈടാക്കേണ്ടിയിരുന്ന 186530 രൂപ കെട്ടിട ഉടമകളിൽ നിന്നോ അല്ലാത്തപക്ഷം ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിച്ച ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## (2-2) മൊബൈൽ ടവറുകളുടെ വസ്തുനികുതി പുതിയ നിരക്കിൽ ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 5 മൊബൈൽ ടവറുകളാണുള്ളത്. ഇതിൽ ഒരു ടവറിന്റെ മാത്രമാണ് വസ്തുനികുതി പുതിയ നിരക്കിൽ നിർണ്ണയിച്ചത്. ബാക്കി 4 ടവറുകളുടെയും വസ്തു നികുതി പുതിയ നിരക്കിൽ നിശ്ചയിച്ചിട്ടില്ല. പുതിയ വസ്തു നികുതി ചട്ടങ്ങൾ പ്രകാരം ഗ്രാമപ്പഞ്ചായത്ത് മൊബൈൽ ടവറുകൾക്ക് നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/കെട്ടിട നം | ടവറിന്റെ വിവരം | പ്ലിന്ത് ഏരിയ(ച.മീ) | നിർണ്ണയിച്ചിട്ടുള്ള നികുതി |
|---|---|---|---|
| 7/421 | ഇൻഡസ് ടവർ | 17 ച.മീ | 8500 (പുതിയ നിരക്ക്) |

| | | | |
|---|---|---|---|
| 4/206 V | ഇൻഡസ് ടവർ, കുമ്പനാട് | 14.25 ച.മീ | 574 |
| 3/103 A | എയർടെൽ, പുല്ലാട് | 16.48 ച.മീ | 600 |
| 7/401 | വൊഡാഫോൺ, തട്ടാക്കാട് | 4.05 ച.മീ | 230 |
| 6/252 | എയർടെൽ, കുമ്പനാട് | 16.48 ച.മീ | 510 |

പുതിയ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം 01-04-2013 മുതൽ പുതിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതായിരുന്നു. . പ്രസ്തുത വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## (2-3) വസ്തു നികുതി പരിഷ്കരണപുരോഗതി

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണ നടപടികൾ ഭൂരിഭാഗവും പൂർണ്ണമായിട്ടുണ്ട്. ആകെ കെട്ടിടങ്ങളുടെ എണ്ണം 9302ആണ്.ഇതിൽ ഡേറ്റാ എൻട്രി അപ്രൂവ് ചെയ്തത് 7325 എണ്ണമാണ്. 1977എണ്ണം ഡേറ്റാ എൻട്രി ചെയ്യാൻ അവശേഷിക്കുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നികുതി ദായകർക്ക് ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ നികുതി അടവാക്കാൻ കഴിയത്തക്ക സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തിയിട്ടില്ല. ആയതു പോലെ ആരാധാനാലയങ്ങളെയും അതോടനുബന്ധിച്ചുള്ള കെട്ടിടങ്ങളെയും ഒരേ നമ്പരിലാണ് കാണിച്ചിരിക്കുന്നത്. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ആരാധാനാലയത്തിന്റെ പേരും സ്ഥലവും | വാർഡ് |
|---|---|---|
| 1 | സെഹിയോൻ മാർത്തോമ്മാ ചർച്ച് ഓഡിറ്റോറിയം,<br><br>കാഞ്ഞിരപ്പാറ | 3 |
| 2 | ദേവിക ഓഡിറ്റോറിയം, പുല്ലാട് ഈസ്റ്റ് | 5 |
| 3 | ഐ.പി.സി ചർച്ച് ഓഡിറ്റോറിയം, കുമ്പനാട് | 17 |
| 4 | ആനമല മാർത്തോമ്മാ ചർച്ച് ഓഡിറ്റോറിയം, പുല്ലാട് | 5 |

പഞ്ചായത്ത് പരിധിയിലുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി നിശ്ചയിച്ചിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി പുതിയ നിരക്കിൽ നിശ്ചയിച്ച് ഈടാക്കുന്നതിന് അടിയന്ഥിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | വാർഡ് |
|---|---|---|
| 1 | ബ്രദറൺ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുമ്പനാട് | 5 |
| 2 | ഗ്രേസ് മൗണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുമ്പനാട് | 5 |

## (2-4) പരസ്യനികുതി പിരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ തയ്യാറാക്കി 19-01-2013 ന് അംഗീകാരം വാങ്ങുന്നതിന് അയച്ചിരുന്നുവെങ്കിലും ഇത് സംബന്ധമായി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും യാതൊരു വിധ തുടർനടപടികളും ഉണ്ടായിട്ടില്ല.

2015-16 വർഷത്തേക്കുള്ള വാർഷിക ബജറ്റിൽ 50000 രൂപ പരസ്യ നികുതി ഇനത്തിൽ വരവായി ഗ്രാമപ്പഞ്ചായത്ത് പ്രതീക്ഷിച്ചിരുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഒരു രൂപ പോലും ഈയിനത്തിൽ വരവായി ലഭിച്ചിട്ടില്ല. ഏകദേശം 6 കിലോമീറ്ററോളം സംസ്ഥാന പാത (റ്റി.കെ റോഡ് ) ഗ്രാമപ്പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. ഇതിന് ഇരുവശവും വിവിധ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പരസ്യനികുതി ഈടാക്കുന്നതിന് ഗ്രാമപ്പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നടപടികളില്ല. അടിയന്തിരമായി പരസ്യനികുതി ബൈലോയ്ക്ക് അംഗീകാരം വാങ്ങേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പരസ്യനികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## (2-5) ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2015-16 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1.ശബരി സൂപ്പർമാർക്കറ്റ്, പുല്ലാട്- ഒന്നാം അർദ്ധവർഷം

2. പോസ്റ്റ് ഓഫീസ് , കുന്നത്തുംകര- ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

3. പോസ്റ്റ് ഓഫീസ്, പുല്ലാട്- ഒന്നാം അർദ്ധവർഷം

4. പോസ്റ്റ് ഓഫീസ്, വരയന്നൂർ- ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

5. കെ.എസ്.ഇ.ബി,കുമ്പനാട്-ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

6. പോലീസ് സ്റ്റേഷൻ, പുല്ലാട് - രണ്ടാം അർദ്ധവർഷം

മുകളിൽ ചൂണ്ടിക്കാട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി

ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## (2-6) ഡി & ഒ ലൈസൻസ് - അപാകതകൾ

I) റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 23-റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരെണ്ണം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.പഞ്ചായത്തിൽ 5 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഒരെണ്ണം മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്.എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ii) നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നില്ല.

വെറ്റിനറി സർജന്റെ നേതൃത്വത്തിൽ പേവിഷബാധ നിർമാർജ്ജന പദ്ധതിപ്രകാരം 500 നായ്ക്കൾക്ക് കുത്തിവയ്പ്പ് എടുത്തിട്ടുണ്ട്. എന്നാൽ നായ്ക്കൾക്ക് ലൈസൻസ് ഇനത്തിൽ 70/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിന് 2015-16 ൽ ലഭിച്ചിട്ടുള്ളത്. പ്രതിരോധ കുത്തിവയ്പ്പ് എടുത്തിട്ടുള്ള ബാക്കി നായ്ക്കൾക്കും ലൈസൻസ് ഏർപ്പെടുത്തുക വഴി നായ് ഒന്നിന് 10/- രൂപ നിരക്കിൽ 4930/- രൂപ കൂടി ലൈസൻസ് ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വളർത്തുന്ന എല്ലാ നായ്ക്കൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-7) ഡി&ഒ ലൈസൻസിനുള്ള അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന എണ്ണമടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2015-16 വർഷം ഡി&ഒ ലൈസൻസിനായി ലഭിച്ച അപേക്ഷകളിൽ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇവരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.ഈ സ്ഥാപനങ്ങളിൽ പ്രതിമാസ ശമ്പളത്തിന് നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർ തൊഴിൽനികുതിയടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. ഇവരിൽ നിന്ന് ഓരോ അർദ്ധവർഷത്തെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത്

ഈടാക്കേണ്ടതാണ്.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|
| പോപ്പുലർ ഓട്ടോ മാച്ച് | 14 |
| പൊടിപ്പാറ ഫ്യൂവൽസ് | 8 |
| ക്വാളിറ്റി സൂപ്പർ ബസ്സാർ | 8 |
| പോബ്സ് സിമന്റ് ബ്ലോക്ക്സ് | 5 |
| ആർ. സ്റ്റാർ ഫുഡ് പ്രൊഡക്ട്സ് | 5 |
| ക്ലാസ്സിക് ഹോട്ടൽ& അനുപമ കേറ്ററേഴ്സ് | 5 |
| കെ.കെ.എസ്.ഫുഡ് പ്രൊഡക്ട്സ് | 4 |
| ഹോട്ടൽ ശ്രീ മണികണ്ഠാ | 4 |
| ശ്രീ പാർവ്വതി തയ്യൽക്കട | 4 |
| മീരാപ്പാലസ്,കുമ്പനാട് | 4 |
| മുന്നാസ് സൂപ്പർമാർക്കറ്റ് | 4 |
| മോഹനാ ബേക്കറി | 4 |
| മോമാട്ട് സോമിൽ | 4 |
| ബേസ്റ്റ് വേൾഡ് | 4 |

താഴെപ്പറയുന്ന ജീവനക്കാർ 2015-16 കാലയളവിൽ ഈ പഞ്ചായത്തിൽ തൊഴിൽനികുതിയടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| പേര് | സ്ഥാപനം | ഉദ്യോഗപ്പേര് | സ്ഥലം മാറിപ്പോയ തീയതി | നികുതിയടയ്ക്കേണ്ട കാലയളവ് |
|---|---|---|---|---|
| സോജി തോമസ് | പോലീസ് സ്റ്റേഷൻ | ജി.എ.എസ്.ഐ | 01-09-2015 | ഒന്നാം അർദ്ധവർഷം |
| സി.ആർ.ശ്രീകുമാർ | പോലീസ് സ്റ്റേഷൻ | എസ്.ഐ | 01-08-2015 | ഒന്നാം അർദ്ധവർഷം |
| രാജു.എം.തോമസ് | പോലീസ് സ്റ്റേഷൻ | അഡീ.എസ്.ഐ | 21-02-2016 | രണ്ടാം അർദ്ധവർഷം |
| രാജശേഖരൻ നായർ | പോലീസ് സ്റ്റേഷൻ | അഡീ.എസ്.ഐ | 21-02-2016 | രണ്ടാം അർദ്ധവർഷം |

| | | | | |
|---|---|---|---|---|
| വി.എം.വാസു | പോലീസ് സ്റ്റേഷൻ | അഡീ.എസ്.ഐ | 21-02-2016 | രണ്ടാം അർദ്ധവർഷം |
| രേവമ്മ. കെ. കെ | മൃഗാശുപത്രി,പുല്ലാട് | അറ്റൻഡന്റ് | 01-08-2015 | ഒന്നാം അർദ്ധവർഷം |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### (3-1) എസ്.സി വിഭാഗത്തിൽപെട്ടവർക്ക് ഫ്ലാറ്റ് നിർമ്മാണം, ശ്മശാനം എന്നിവക്കായി സ്ഥലം വാങ്ങിയെങ്കിലും ഫ്ലാറ്റ് നിർമ്മാണവും ശ്മശാനവും യാഥാർത്ഥ്യമായില്ല

2015-16 സാമ്പത്തിക വർഷം എസ്.സി കുടുബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മാണത്തിനായി പ്രോജക്ട് നം- 48/15-16 പ്രകാരം 1027750 രൂപ ചെലവിട്ട് 20 സെന്റ് സ്ഥലം വാങ്ങി. കൂടാതെ അതേ പ്ലോട്ടിൽ തന്നെ പ്രോജക്ട് നം-172/15-16 പ്രകാരം ശ്മശാനത്തിനായി 5 സെന്റ് സ്ഥലവും 269187 രൂപ ചെലവിട്ട് ഗ്രാമപ്പഞ്ചായത്ത് വാങ്ങി. ജോൺ വർഗ്ഗീസ്, വടക്കംതല വീട്, കുറുങ്ങഴ എന്നയാളിൽ നിന്നുമാണ് സ്ഥലങ്ങൾ വാങ്ങിയത്. എന്നാൽ ഫ്ലാറ്റിന്റെയും ശ്മശാനത്തിന്റെയും നിർമ്മാണം ആരംഭിക്കാത്ത അവസ്ഥയിലാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫ്ലാറ്റ് നിർമ്മാണത്തിനും ശ്മശാനത്തിനും ഒരേ പ്ലോട്ടിൽ തന്നെയാണ് സ്ഥലം വാങ്ങിയത്. ഫ്ലാറ്റ് നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എൽ.എസ്.ജി.ഡി എഞ്ചിനീയർ എന്നിവരിൽ നിന്നും അനുയോജ്യതാ സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നെങ്കിലും ശ്മശാന നിർമ്മാണത്തിന് അനുയോജ്യതാ സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നില്ല. എസ്.സി വിഭാഗത്തിന്റെ ആവശ്യത്തിനായി വാങ്ങിയ സ്ഥലമാണെങ്കിലും ടി വകുപ്പിൽ നിന്നും അനുമതി തേടിയിരുന്നില്ല.

2. വാങ്ങിയ സ്ഥലത്ത് ഫ്ലാറ്റ് നിർമ്മാണത്തിനായി ശിലാസ്ഥാപനം നടത്തിയെങ്കിലും യാതൊരുവിധ തുടർ പ്രവർത്തനങ്ങളും നടത്തിയില്ല. ഫ്ലാറ്റ് നിർമ്മാണത്തനായി 2015-16 സാമ്പത്തിക വർഷം 1702620 രൂപ അടങ്കലുള്ള 143/15-16-ാം നമ്പർ പ്രോജക്ട് വച്ചിരുന്നു. എന്നാൽ 2016-17 ഫ്ലാറ്റ് നിർമ്മാണത്തിന് പ്രോജക്ടില്ല. ഇതിൽ നിന്നും ഫ്ലാറ്റ് നിർമ്മാണം ഗ്രാമപ്പഞ്ചായത്ത് ഉപേക്ഷിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

3. വാങ്ങിയ സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല, ( ചുറ്റുമതിൽ നിർമ്മാണത്തിനായി 2015-16 സാമ്പത്തികവർഷം 411976 രൂപ അടങ്കലുള്ള 173/15-16-ാം നമ്പർ പ്രോജക്ടുണ്ടായിരുന്നു.) ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വാങ്ങിയ സ്ഥലത്ത് അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച്

സ്ഥാപിച്ചിരുന്ന കല്ലുകൾ ഇളക്കി മാറ്റിയ നിലയിലാണ്.

4. ശ്മശാന നിർമ്മാണത്തിന് ബജറ്റിൽ തുക വകയിരുത്തുകയോ പ്രോജക്റ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല .

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നം-15/16 തീയതി 11-01-2017). ആയതിന് ലഭ്യമാക്കിയ മറുപടിയിൽ വളരെ ചുരുങ്ങിയ സ്ഥലത്തുണ്ടാകുന്ന ജനബാഹുല്യം കണക്കിലെടുത്ത് പ്രദേശവാസികളുടെ ഭാഗത്തു നിന്നുണ്ടായ എതിർപ്പ് മൂലമാണ് ഫ്ലാറ്റ് നിർമ്മാണം ഉപേക്ഷിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. ടി സ്ഥലം ഭൂരഹിതരായ പട്ടികജാതിക്കാർക്കായി 3 സെന്റ് വീതം വീതിച്ചു നൽകുന്നതിനായി ഭരണസമിതി തീരുമാനമെടുത്ത് നടപ്പിലാക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം പദ്ധതി നടപ്പിലാക്കുന്നതാവും ഉചിതം. ഫ്ലാറ്റ് നിർമ്മാണത്തിനായി വാങ്ങിയ സ്ഥലം ഗുണഭോക്താക്കൾക്ക് വീതിച്ചു നൽകുകയാണെങ്കിൽ പ്രോജക്ടിന്റെ ഉദ്ദേശം തന്നെ മാറുകയാണ് ചെയ്യുന്നത്. ആയതിനാൽ ടി വിഷയത്തിൽ സർക്കാർ അനുമതി ആവശ്യമാണ്.

5. 1998- ലെ കേരള പഞ്ചായത്ത് രാജ് ( ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ജനവാസഗൃഹങ്ങളുടെ 25 മീറ്റർ അകലത്തിൽ മാത്രമെ വൈദ്യുത ക്രിമിറ്റോറിയങ്ങൾ സ്ഥാപിക്കാൻ കഴിയൂ. ഇത് കണക്കാക്കാതെ ശ്മശാനത്തിന് സ്ഥലം വാങ്ങിയത് ഗുരുതരമായ അപാകതയാണ്.

ശ്മശാന നിർമ്മാണത്തിനായി വാങ്ങിയ സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ആധുനിക രീതിയിലുള്ള ശ്മശാനം നിർമ്മിക്കുമെന്നാണ് എക്സിറ്റ് മീറ്റിംഗിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചത്. എന്നാൽ 2016-17 സാമ്പത്തിക വർഷം ശ്മശാന നിർമ്മാണത്തിനായി പ്രോജക്റ്റ് തയ്യാറാക്കുകയോ ജില്ലാ പഞ്ചായത്തിൽ നിന്ന് ഫണ്ട് ലഭ്യമാകുകയോ ചെയ്തിട്ടില്ല. പ്രസ്തുത സ്ഥലത്തെ ജനബാഹുല്യം പരിഗണിക്കുമ്പോൾ ആധുനിക രീതിയിലുള്ള ശ്മശാനമല്ലാതെ മറ്റൊരു നിർമ്മാണം ടി സ്ഥലത്ത് സാധ്യമാകുകയില്ല. ആയതിനാൽ ആവശ്യമായ ഫണ്ട് കണ്ടെത്തി ശ്മശാന നിർമ്മാണം സാധ്യമാക്കുന്നതിന് ഭരണസമിതി ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത സ്ഥലത്തെ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന വീട് നീക്കം ചെയ്ത് സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതു പോലെ സ്ഥലത്തെ അതിര് കല്ലുകൾ നീക്കം ചെയ്ത സാഹചര്യത്തിൽ അതിരുകൾ കൃത്യമായി നിർണ്ണയിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് വക സ്ഥലം കൈയ്യേറി നിർമ്മിച്ച വീട്

## (3-2) ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര വീഴ്ച

2015-16 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭ്യമായത് 38829269/- രൂപയാണ്. എന്നാൽ ചെലവഴിച്ചത് 26240746/- രൂപ

മാത്രമാണ്. ലഭ്യമായ തുകയുടെ 67.58%. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആകെ അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്റ്റുകൾക്കായി ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ടായിരുന്ന തുകയാണ് 19-09-2015 ലെ ജി.ഒ (പി) നം-419/2015/ ഫിൻ നമ്പർ ഉത്തരവ് പ്രകാരം നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. സ്പിൽ ഓവർ പ്രോജക്റ്റുകൾക്ക് സർക്കാരിൽ നിന്നും 2016-17 സാമ്പത്തിക വർഷം തുക ലഭ്യമായില്ലയെങ്കിൽ ആയത് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തെ ഗുരുതരമായി ബാധിക്കും.

| ഫണ്ടിനം | മുൻ ബാലൻസ് | 2015-16 വർഷത്തെ ബജറ്റ് അലോക്കേഷൻ | ആകെ | 2015-16 വർഷത്തെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 991671 | 8882000 | 9873671 | 8198030 | 83.03 |
| വികസന ഫണ്ട്- എസ്.സി.പി | 2702436 | 6564000 | 9266436 | 4856267 | 52.41 |
| വികസന ഫണ്ട്- റ്റി.എസ്.പി | 97450 | 209000 | 306450 | 5000 | 1.63 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1238442 | 4818000 | 6056442 | 3320643 | 54.83 |
| ലോകബാങ്ക് സഹായം | 48565 | 0 | 48565 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 1930198 | 6077000 | 8007198 | 6918379 | 86.40 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 2222507 | 3048000 | 5270507 | 2942427 | 55.83 |
| ആകെ | | | 38829269 | 26240746 | 67.58 |

പ്രസ്തുത സാഹചര്യത്തിൽ സ്പിൽ ഓവർ പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന് തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. ആയതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാവും. പ്രസ്തുത പ്രവണത മുന്നിൽകണ്ട്

ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനുമായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-3) സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം യഥാസമയം അടവാക്കാതിരുന്നതിനാൽ പിഴപ്പലിശ അടവാക്കി

സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം യഥാസമയം അടവാക്കാതിരുന്നതിനാൽ ഗ്രാമപ്പഞ്ചായത്തിന് പിഴപ്പലിശയിനത്തിൽ തുക അടവാക്കേണ്ടി വന്നു. 2015 ഏപ്രിൽ മാസത്തെ വെള്ളക്കരം തൻമാസം ഗ്രാമപ്പഞ്ചായത്ത് അടവാക്കിയില്ല. ആയതിനാൽ 2015 മെയ് മാസത്തെ ബില്ലിൽ ഡിമാന്റ് തുകയോടൊപ്പം 2247 രൂപ ഫൈൻ കൂടി ചുമത്തിയിരുന്നു. എന്നാൽ മെയ്, ജൂൺ മാസങ്ങളിൽ ഗ്രാമപ്പഞ്ചായത്ത് ഡിമാന്റ് തുക മാത്രമാണ് അടവാക്കിയത്. ഫൈൻ തുക അടവാക്കിയില്ല. 2015 ജൂലൈ മാസം വെള്ളക്കരം അടവാക്കിയപ്പോൾ ജൂലൈ മാസത്തെ വെള്ളക്കരമായ 118563 രൂപയോടൊപ്പം പലിശയിനത്തിൽ 2416 രൂപ കൂടി അടവാക്കി. ഡി.ഡി നം- 676801 / 29-07-2015 പ്രകാരമാണ് പ്രസ്തുത തുക വാട്ടർ അതോറിറ്റിയിൽ അടവാക്കിയത്

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല (നം- 11/ 16തീയതി 11.01.2017). പ്രസ്തുത സാഹചര്യത്തിൽ പിഴപ്പലിശയിനത്തിൽ അടവാക്കിയ 2416 രൂപ ഉത്തരവാദിയായ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## (3-4) ഉന്നത വിദ്യാഭ്യാസ ധനസഹായം- ആനുകൂല്യം നൽകിയതിൽ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | ഉന്നത വിദ്യാഭ്യാസ ധനസഹായം (168/15-16) |
| വകയിരുത്തിയ തുക | 600000 (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവഴിച്ച തുക | 175000 |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | അസ്സിസ്റ്റന്റ് സെക്രട്ടറി |

2015-16 വർഷം പ്രസ്തുത പദ്ധതി പ്രകാരം 5 വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകിയത്. പന്ത്രണ്ടാം പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ, (എം.എസ്) നമ്പർ 362/2013/ത.സ്വ.ഭ.വ തീയതി 16-11-2013) പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന മെറിറ്റോറിയസ് വിദ്യാർത്ഥികൾക്കാണ് ഉന്നത വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുള്ളത്. ആയതിന് വിരുദ്ധമായി രണ്ട് വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേരും മേൽവിലാസവും | നൽകിയ തുകയും വിശദാംശങ്ങളും | പഠിച്ച സ്ഥാപനം | കോഴ്സ് |
|---|---|---|---|
| രമ്യ ബാബു<br>വട്ടമല തടത്തിൽ വീട്<br>കുറുങ്ങഴ.പി.ഒ<br>പുല്ലാട് | 25000<br>(ഡി.ഡി നം- 859559/<br>28-03-2016) | ഗുഡ് സമരീറ്റൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി<br>കൊപ്രാക്കളം, പൊൻകുന്നം<br>കോട്ടയം | Diploma in First Aid & Practical Nursing |
| ഹണി രവിന്ദ്രൻ<br>കൊട്ടുപ്പള്ളിൽ<br>കുറുങ്ങഴ.പി.ഒ<br>പുല്ലാട് | 25000<br>(ഡി.ഡി നം- 859562/<br>28-03-2016) | പ്രീയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്,<br>ഗവ.മെഡിക്കൽ കോളേജ് ജംഗ്ഷൻ,<br>തിരുവനന്തപുരം | Diploma in Radiolagical Technology |

മുകളിൽ സൂചിപ്പിച്ച രണ്ട് ഗുണഭോക്താക്കളും പഠനം നടത്തിയത് പ്രൊഫഷണൽ കോളേജുകളിലല്ല. ആയത് പോലെ പഠനം നടത്തിയത് ഗവൺമെന്റ് അംഗീകൃത കോഴ്സുകളിലല്ല. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം-14/ 16തീയതി 11.01.2017) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിൽ 50000 രൂപ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കാൻ കഴിയുന്നതല്ല. പ്രസ്തുത തുക അനർഹമായി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## (3-5) സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തീറ്റപ്പുൽകൃഷിക്ക് കൂലിച്ചെലവ് അനുവദിച്ചു

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയായ പ്രൊജക്ട് നം. S77/16, ബിൽ നമ്പർ. 5/16 (520/03001138)/23.3.2016 പ്രകാരം തീറ്റപ്പുൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകിയത് പന്ത്രണ്ടാം സബ്സിഡി മാർഗ്ഗരേഖ പ്രകാരമല്ല. സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ഒരു ഹെക്ടറിന് പരമാവധി 4500/- രൂപയാണ് സബ്സിഡി അനുവദിക്കാവുന്നത്. അതായത് 10 സെന്റിന് പരമാവധി നൽകാവുന്നത് 182/- രൂപ. എന്നാൽ ഇവിടെ 10 സെന്റ് ഒരു യൂണിറ്റായി കണക്കാക്കി ഒരു യൂണിറ്റിന് 500/- രൂപ

ക്രമത്തിലാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്.

| ആകെ അനുവദിച്ച യൂണിറ്റുകൾ | ചെലവഴിച്ച തുക | അനുവദിക്കാവുന്ന സബ്സിഡി | അധികം അനുവദിച്ച തുക |
|---|---|---|---|
| 40 | 20000/- | 7280/- | 12720/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-9-10/01/2017) മറുപടി നൽകിയിട്ടില്ല. അധികമായി അനുവദിച്ച 12720/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## (3-6) കാലിത്തൊഴുത്ത് നിർമ്മാണം- അർഹതയില്ലാത്തവർക്ക് സബ്സിഡി അനുവദിച്ചു .

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ട് നം. S78 /16 കാലിത്തൊഴുത്ത് നിർമ്മാണം - ജനറൽ (ബിൽ നമ്പർ 3/15-16/ 14-03-2016) പ്രകാരം കാലിത്തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി നല്കിയ ഓമന വർക്കി, കോലത്ത് വീട്, തെറ്റുപാറ (ഡി.ഡി നമ്പർ 859230/ 14-03-2016 ,10000/- രൂപ) എന്ന ഗുണഭോക്താവിന്റെ ഭർത്താവ് സർക്കാർ ജീവനക്കാരനാണെന്ന് റേഷൻകാർഡിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

ജി.ഒ (എം.എസ്) 362/2013 ത.സ്വ.ഭ.വ.16-11-2013 - ലെ സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16 2.14 പ്രകാരം സർക്കാർ/ അർദ്ധസർക്കാർ/ എയ്ഡഡ്/ സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, പെൻഷൻകാർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തെ 50,000/-രൂപയിൽ കുറവ് വരുമാനമുള്ള കുടുംബമായി കണക്കാക്കാനാവില്ല. ഇപ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ 10000/- രൂപ നിരാകരിക്കുന്നു

## (3-7) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അർഹമായ അനുകൂല്യം നിഷേധിക്കുന്നു

പ്രോജക്ട് നം. - S86/16

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ - 400000/-

ചെലവ് - 300000/-

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിനുള്ള പ്രോജക്ട് എല്ലാ തദ്ദേശ ഭരണ

സ്ഥാപനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകളുടെ കാര്യത്തിൽ ഇതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 എന്ന അനുപാതത്തിൽ വകയിരുത്തേണ്ടതാണ്. എന്നാൽ ജില്ലാ പഞ്ചായത്തിൽനിന്നുമുള്ള വിഹിതം ലഭിച്ചിട്ടില്ല. ഇക്കാരണത്താൽ 2015-16 വർഷം സ്കോളർഷിപ്പ് നൽകിയ 45 വിദ്യാർത്ഥികൾക്കും അർഹമായ നിരക്കിൽ ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. 3 ലക്ഷം രൂപ മാത്രം പദ്ധതിക്ക് ലഭ്യമായ സാഹചര്യത്തിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തി ആനുകൂല്യം വിതരണം ചെയ്യുകയാണ് ഉണ്ടായത് (4800/- മുതൽ 9600/- രൂപ വരെ). പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം 15200/- രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300/- രൂപ മുതൽ 20000/- രൂപ വരെയും സഹായം നൽകാവുന്നതാണ്. ഭാവിയിൽ ഈ പദ്ധതിക്ക് മതിയായ ഫണ്ട് വകയിരുത്തി ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ധനസഹായം വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## (3-8) മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി

പൊതുമരാമത്ത് വകുപ്പിന്റെ(H) 17.4.13-ലെ GO(P) 36/2013/PWD- ഉത്തരവനുസരിച്ച് CPWD ഡേറ്റാ (DSR) പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16വർഷം മരാമത്തു പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരിക്കുന്നത്. CPWD, Analysis of Rates-2014, Vol-I പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code : 4.1.3) അടിസ്ഥാന നിരക്ക് 4753.29/ m3 ആണ് (കൺവീനർ പ്രവൃത്തികൾക്ക്). പി.ഡബ്ല്യ.ഡി ചീഫ് എഞ്ചിനീയറുടെ 15.12.14-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.1.2015 മുതൽ ബാധകമായ കോസ്റ്റ് ഇൻഡക്സ് 40.95% ആണ്. ആയതുപ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m3 ആണ് (4753.29X1.4095). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm | Cum | 0.890 | 106.49 | 94.78 |

| | | | | | |
|---|---|---|---|---|---|
| | nominal size | | | | |
| 0982 | Coarse sand(Zone lll) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta, 40.95% | | | | | 1946.47 |
| Total | | | | | 6699.76 |

എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ റോഡ് നിർമ്മാണത്തിന് അവലംബിക്കേണ്ട സ്പെസിഫിക്കേഷന പകരം (Code 4.1.3) പകരം തറ നിരപ്പാക്കലിന് ബാധകമായ സ്പെസിഫിക്കേഷനം, നിരക്കും (7058.80/$m^3$) അവലംബിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് കണ്ടു (Flooring, DSR Code: 11.7). അതായത്, 7058.78/m3 എന്ന നിരക്കാണ് കൺവീനർമാർക്ക് അനുവദിച്ചു നൽകിയത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിവിധ പ്രവൃത്തികളിൽ അധികം ചെലവഴിച്ച താഴെ പറയുന്ന തുകകൾ നിരാകരിക്കുന്നു.

| | പ്രവൃത്തിയുടെ വിവരം | ഇനം നം. | അളവ് (m3) | പ്രതിഫലം നൽകിയത് | അനുവദനീയമായത് | നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (@7058.78/ m3) | (@ 6699.76/ m3) | |
| 1. | കാരത്തേരിപടി അഴകേടത്തുപടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. - S0104/16<br>കൺവീനർ - ശ്രീമതി. ലീനാ ജോർജ്<br>ചെലവ് - ₹213761<br>ബിൽ നം., തീ. - 39/27.2.16<br>എം.ബുക്ക് നം.41/15-16 | 4 | 11.263 | 79503.04 | 75459.4 | 4044 |
| 2. | വടക്കേടത്തുപടി ഉള്ളൂർചിറ റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. - S0116/16<br>കൺവീനർ - ശ്രീ. ജോയി കുന്നത്തുകാലായിൽ<br>ചെലവ് - ₹334844<br>ചെക്ക് നം.,തീയതി- 334531/23.2.16<br>എം.ബുക്ക് നം. 28/15-16 | 3 | 17.64 | 124516.88 | 118183.77 | 6333 |
| 3. | കനാൽ മണകുളം റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. - S0112/16<br>കൺവീനർ - ശ്രീ. ജോയി, വടക്കുംകരതുണ്ടിയിൽ<br>ചെലവ് - ₹ 199980<br>ചെക്ക് നം., തീ. - | 3 | 10.44 | 73693.66 | 69945.49 | 3748 |

| | | | | | | |
|---|---|---|---|---|---|---|
| | 0334529/23.2.16<br><br>എം.ബുക്ക് നം.30/15-16 | | | | | |
| 4. | കമ്ടയത്തുപടി തീപ്പെട്ടി കമ്പനി പടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0105/16<br><br>കൺവീനർ - ശ്രീ. ചാക്കോ വർഗ്ഗീസ്, കല്ലുഴത്തിൽ<br><br>ചെലവ് - ₹ 275240<br><br>ബിൽ നം., തീ. - 20/17.12.15<br><br>എം.ബുക്ക് നം. 27/15-16 | 3 | 14.50 | 102352.31 | 97146.52 | 5206 |
| 5. | കുളത്തുങ്കൽ തോലുകര കനാൽ കണമൂട്ടിൽ പടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0114/16<br><br>കൺവീനർ - ശ്രീ. സജു മാത്യു, തോലുകര പടിഞ്ഞാറേതിൽ.<br><br>ചെലവ് - ₹ 229535<br><br>ചെക്ക് നം., തീ. - 0334530/23.2.16<br><br>എം.ബുക്ക് നം. 29/15-16 | 3 | 12.04 | 84987.71 | 80665.11 | 4323 |
| 6. | പുകസുപടി പൊട്ടകുളം റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0123/16<br><br>കൺവീനർ - ശ്രീ. ജോൺ, പൊട്ടകുളത്തിൽ ചിറയിൽ<br><br>ചെലവ് - ₹ 70234<br><br>ചെക്ക് നം., തീ. - | 4 | 3.70 | 26117.49 | 24789.11 | 1328 |

| | | | | | | |
|---|---|---|---|---|---|---|
| | 0334545/26.3.16<br><br>എം.ബുക്ക് നം. 60/15-16 | | | | | |
| 7. | ചുണ്ടമണ്ണിൽ പടി തൊട്ടുവേലിൽ പടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0107/16<br><br>കൺവീനർ – ശ്രീ. രവീന്ദ്രപണിക്കർ, ചൂരനാട്<br><br>ചെലവ് - ₹ 267779<br><br>ബിൽ നം., തീ. - 21500371/17.9.15(തനത്)<br><br>എം.ബുക്ക് നം. 21/15-16 | 3 | 14.11 | 99599.38 | 94533.61 | 5066 |
| 8. | പൊട്ടകുളം വട്ടമാവിൽ കുന്ന്-കുന്നത്ത് റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0106/16<br><br>കൺവീനർ - ശ്രീ. വർഗ്ഗീസ്, മണ്ണാരേത്ത്<br><br>ചെലവ് - ₹ 273826<br><br>ചെക്ക് നം., തീ. - 0334528/23.2.16<br><br>എം.ബുക്ക് നം. 26/15-16 | 4 | 14.28 | 100799.37 | 95672.57 | 5127 |
| 9. | കളരിക്കൽ പടി മാവേലിപടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0155/16<br><br>കൺവീനർ - ശ്രീ.മോഹൻദാസ് (വിലാസം വ്യക്തമാക്കുന്ന ഒരു രേഖയും ഫയലിലില്ല) | 4 | 5.525 | 38999.76 | 37016.17 | 1984 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് - ₹ 104981<br><br>ചെക്ക് നം., തീ. - 0334533/23.2.16<br><br>എം.ബുക്ക് നം.43/15-16 | | | | | |
| 10. | വാലയിൽ പടി ട്രാൻസ്ഫോർമർപടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0122/16<br><br>കൺവീനർ - ശ്രീ. മോഹനൻ, കാഞ്ഞിരംനിൽക്കുന്നതിൽ.<br><br>ചെലവ് - ₹ 374610<br><br>ബിൽ നം., തീ. - 48/26.3.16 &<br><br>ചെക്ക് നം.0334544/26.3.16<br><br>എം.ബുക്ക് നം. 61/15-16 | 3 | 19.62 | 138493.26 | 131449.29 | 7044 |
| 11. | കനാൽപടി പീലിമേലികാവ് റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0119/16<br><br>കൺവീനർ - ശ്രീ. ബാബു, വലിയകാലാ<br><br>ചെലവ് - ₹ 383297<br><br>ബിൽ നം., തീ. - 13/18.9.15 &<br><br>നം.21500369/17.9.15(തനത്)<br><br>എം.ബുക്ക് നം.18/15-16 | 4 | 20.01 | 141246.19 | 134062.2 | 7184 |
| 12. | ആറങ്ങാട്ടുപടി തുണ്ടത്തിൽപടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0120/16 | 4 | 8.70 | 61411.39 | 58287.91 | 3123 |

| | | | | | | |
|---|---|---|---|---|---|---|
| | കൺവീനർ - ശ്രീ. ജോർജ് വർഗ്ഗീസ്, വാഴയിൽ<br>ചെലവ് - ₹ 165144<br>ബിൽ നം., തീ. - 17/17.12.15<br>എം.ബുക്ക് നം.12/15-16 | | | | | |
| 13. | അഴകേടത്ത് ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. - S0097/16<br>കൺവീനർ - ശ്രീ. രാജൻ, പ്രിയാഭവൻ<br>ചെലവ് - ₹ 142365<br>ബിൽ നം., തീ. - 21500367/17.9.15(തനത്)<br>എം.ബുക്ക് നം. 15/15-16 | 3 | 7.50 | 52940.85 | 50248.2 | 2693 |
| 14. | കണ്ണങ്കര ആനമലപ്പള്ളി പടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. - S0098/16<br>കൺവീനർ - ശ്രീ. മാത്യൂ.കെ.ചാക്കോ (എം.ബുക്ക്, വർക്ക് ബിൽ എന്നിവ പ്രകാരം. മിനിറ്റ്സ്, എഗ്രിമെന്റ് എന്നിവ പ്രകാരം ശ്രീകുമാർ, അട്ടിയിൽ)<br>ചെലവ് - ₹ 68810<br>ബിൽ നം., തീ. - 45/26.3.16<br>എം.ബുക്ക് നം.53/15-16 | 4 | 3.625 | 25588.08 | 24286.63 | 1301 |
| 15. | അര്യാക്കാവ് പൊൻകുഴി മലയിൽ പടി റോഡ് കോൺക്രീറ്റിംഗ് | 4 | 3.25 | 22941.03 | 21774.22 | 1167 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രോജക്ട് നം. - S088/16<br><br>കൺവീനർ -<br>ശ്രീ. അനിൽകുമാർ,<br>കൃഷ്ണഭവനം<br><br>ചെലവ് - ₹ 65959<br><br>ചെക്ക് നം., തീ. -<br>0334540/26.3.16<br><br>എം.ബുക്ക് നം. 50/15-16 | | | | | |
| 16. | പുല്ലാട് എ.ഇ.ഓ ഓഫീസ് പടിഞ്ഞാറേകുളം റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0100/16<br><br>കൺവീനർ - ശ്രീ. ശ്രീജിത് മോഹൻ, വാഴവേലിൽ<br><br>ചെലവ് - ₹ 316665<br><br>ബിൽ നം., തീ. - 46/26.3.16<br><br>എം.ബുക്ക് നം. 48/15-16 | 3 | 15.64 | 110399.31 | 104784.25 | 5615 |
| 17. | മലമ്പാറയ്ക്കൽ ഭഗവതിക്കാവ് റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S093/16<br><br>കൺവീനർ -<br>ശ്രീ. വിജയപണിക്കർ,<br>കലവറത്തറയിൽ<br><br>ചെലവ് - ₹ 104592<br><br>ബിൽ നം., തീ. - 18/17.12.15<br><br>എം.ബുക്ക് നം. 11/15-16 | 3 | 5.51 | 38893.87 | 36915.68 | 1978 |
| 18. | കാഞ്ഞോംകാവ് തേക്കിൽപടി റോഡ് കോൺക്രീറ്റിംഗ് | 4 | 17.40 | 122822.77 | 116575.82 | 6247 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രോജക്റ്റ് നം. - S0121/16<br><br>കൺവീനർ - ശ്രീ. മാത്യൂ.കെ.ചാക്കോ, നിരവിൽ പുത്തൻവീട്.<br><br>ചെലവ് - ₹ 331862<br><br>ബിൽ നം., തീ. - 44/26.3.16<br><br>എം.ബുക്ക് നം.54/15-16 | | | | | |
| 19. | മലമ്പാറയ്ക്കൽ കുറവൻകുഴി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S095/16<br><br>കൺവീനർ - ശ്രീമതി. അഞ്ജലി പ്രദീപ്, കുഴിമണ്ണിൽ<br><br>ചെലവ് - ₹ 249993<br><br>ബിൽ നം., തീ. - 7/8.9.15<br><br>എം.ബുക്ക് നം. 10/15-16 | 3 | 12.97 | 91552.37 | 86895.89 | 4656 |
| 20. | കാരക്കാട് പടി ആന്താലിപടി റോഡ് കോൺക്രീറ്റിംഗ്.<br><br>പ്രോജക്റ്റ് നം. - S0103/16<br><br>കൺവീനർ - ശ്രീ. മാത്യൂ തോമസ്, കപ്പമാവുനിൽക്കുന്നതിൽ.<br><br>ചെലവ് - ₹ 222586<br><br>ചെക്ക് നം., തീ. - 0334532/23.2.16<br><br>എം.ബുക്ക് നം. 40/15-16 | 4 | 11.728 | 82785.37 | 78574.79 | 4211 |
| 21. | ഇ.എ.എൽ.പി.എസ് പുലരിക്കാട് സീഡ് ഫാം റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0115/16 | 3 | 11.15 | 78705.39 | 74702.32 | 4003 |

| | | | | | | |
|---|---|---|---|---|---|---|
| | കൺവീനർ - ശ്രീ. തോമസ് എബ്രഹാം, കാഞ്ഞിരത്തുംമൂട്ടിൽ.<br>ചെലവ് - ₹ 211706<br>ബിൽ നം., തീ. - 21/17.12.15<br>എം.ബുക്ക് നം. 31/15-16 | | | | | |
| 22. | വല്യത്തുപടി റാവോ പറമ്പ് റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നം. - S0101/16<br>കൺവീനർ - ശ്രീ. സുരേഷ്, മുണ്ടക്കൽ<br>ചെലവ് - ₹ 449684<br>ബിൽ നം., തീ. - 22/17.12.15<br>എം.ബുക്ക് നം. 25/15-16 | 4 | 23.69 | 167222.49 | 158717.31 | 8505 |
| 23. | സാൽവേഷൻ ആർമി കറവയ്ക്കൽ പടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നം. - S082/16<br>കൺവീനർ - ശ്രീ. ടിജു.പി.മാത്യു, പൊട്ടുകുളത്തിൽ<br>ചെലവ് - ₹ 324783<br>ബിൽ നം., തീ. - 24/31.12.15<br>എം.ബുക്ക് നം.32/15-16 | 3 | 17.11 | 120775.72 | 114632.89 | 6143 |
| 24. | കണ്ടയത്തുകാലാ പോലീസ് സ്റ്റേഷൻ റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നം. - S0102/16<br>കൺവീനർ - ശ്രീ. ജയൻ, | 3 | 5.22 | 36846.83 | 34972.75 | 1874 |

| | | | | | | |
|---|---|---|---|---|---|---|
| | കണ്ടയത്തുഭവൻ.<br><br>ചെലവ് - ₹ 99087<br><br>ബിൽ നം., തീ. - 21500370/17.9.15 (തനത്)<br><br>എം.ബുക്ക് നം. 19/15-16 | | | | | |
| 25. | സണ്ടേസ്കൂൾ പരവുംതിട്ട കടവ് റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0109/16<br><br>കൺവീനർ - ശ്രീ ഓമനക്കുട്ടൻനായർ, മാലിവേലി<br><br>ചെലവ് - ₹ 195498<br><br>ബിൽ നം., തീ. - 19/17.12.15<br><br>എം.ബുക്ക് നം. 24/15-16 | 3 | 10.15 | 71646.62 | 68002.56 | 3644 |
| 26. | ഇളപ്പുങ്കൽ പ്ലാന്താനം പടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0110/16<br><br>കൺവീനർ - ശ്രീ. വേണുഗോപാലപിള്ള, ഐക്കാട്<br><br>ചെലവ് - ₹ 358381<br><br>ചെക്ക് നം., തീ. - 334503/26.8.15<br><br>എം.ബുക്ക് നം.8/15-16 | 4 | 18.88 | 133269.77 | 126491.47 | 6778 |
| 27. | കരീലകുളം ലൈൻ റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0118/16<br><br>കൺവീനർ - ശ്രീ. ലാലു.കെ.കോശി | 3 | 4.275 | 30176.28 | 28641.47 | 1535 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് - ₹ 81149<br><br>ചെക്ക് നം., തീ. - 334504/26.8.15<br><br>എം.ബുക്ക് നം. 7/15-16 | | | | | |
| 28. | ഐരാക്കാവ് സീയോൻ മാർത്തോമാ ചർച്ച് റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0083/16<br><br>കൺവീനർ - ശ്രീ. തോമസ് തോമസ്, ഊര്യകുന്നത്ത്<br><br>ചെലവ് - ₹ 406941<br><br>ബിൽ നം., തീ. - 12/18.9.15<br><br>എം.ബുക്ക് നം.16/15-16 | 3 | 3.045 | 21493.98 | 20400.77 | 1093 |
| 29. | ഉമക്കുഴ ആനക്കുഴിക്കൽ പടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S092/16<br><br>കൺവീനർ - ശ്രീ. സുധീന്ദ്രകുമാർ<br><br>ചെലവ് - ₹ 149892<br><br>ചെക്ക് നം., തീ. - 21500960/31.3.16<br><br>എം.ബുക്ക് നം.49/15-16 | 3 | 7.70 | 54352.61 | 51588.15 | 2764 |
| 30. | മുട്ടമൺ തത്തക്കുഴി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S096/16<br><br>കൺവീനർ – ശ്രീ. സ്കറിയ.പി.ജേക്കബ്. പുല്ലോലിൽ<br><br>ചെലവ് - ₹ 337289 | 3 | 17.26 | 121834.54 | 115637.86 | 6197 |

| | | | | | | |
|---|---|---|---|---|---|---|
| | ബിൽ നം., തീ. - 27/27.1.16<br><br>എം.ബുക്ക് നം. 20/15-16 | | | | | |
| 31. | താലാറയിൽ പടി കോറസ് വില്ല റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0117/16<br><br>കൺവീനർ - ശ്രീ. സണ്ണി എബ്രഹാം, തെക്കേക്കര എബനേസർ.<br><br>ചെലവ് - ₹ 467338<br><br>ബിൽ നം., തീ. - 5/25.8.15, 23/31.12.15<br><br>എം.ബുക്ക് നം. 6/15-16 | 3 | 24.5 | 172940.11 | 164144.12 | 8796 |
| 32. | കൊല്ലംപടി തങ്കമ്മ പടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S090/16<br><br>കൺവീനർ - ശ്രീ വിനോദ്, ശ്രീനാരായണപുരത്ത്<br><br>ചെലവ് - ₹ 180400<br><br>ബിൽ നം., തീ. - 43/26.3.16<br><br>എം.ബുക്ക് നം. 52/15-16 | 3 | 9.33 | 65858.42 | 62508.76 | 3350 |
| 33. | കനാൽ മണക്കാലാ റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0113/16<br><br>കൺവീനർ - ശ്രീ. ലൂക്കോസ്. എം.സി (വിലാസം വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിലില്ല)<br><br>ചെലവ് - ₹ 117482<br><br>ബിൽ നം., തീ. - 61/30.3.16 | 3 | 6.125 | 43235.03 | 41036.03 | 2199 |

| | | | | | | |
|---|---|---|---|---|---|---|
| | എം.ബുക്ക് നം. 69/15-16 | | | | | |
| 34. | ചക്കുതറ കനാൽ റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S099/16<br><br>കൺവീനർ - ശ്രീ. സോമൻ, അക്ഷയഭവൻ<br><br>ചെലവ് - ₹ 232000<br><br>ബിൽ നം., തീ. - 16/17.12.15<br><br>എം.ബുക്ക് നം. 23/15-16 | 3 | 11.6 | 81881.85 | 77717.22 | 4165 |
| 35. | പുത്തൻവീട്ടിൽ പടി തൈക്കൂട്ടത്തിൽ പടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0108/16<br><br>കൺവീനർ - ശ്രീ. ഗോപിനാഥൻ, മോലിയിൽ<br><br>ചെലവ് - ₹ 85325<br><br>ബിൽ നം., തീ. - 11/18.9.15<br><br>എം.ബുക്ക് നം. 22/15-16 | 3 | 4.495 | 31729.22 | 30115.42 | 1614 |
| 36. | വട്ടുവേലിൽ കുന്നത്തറകുളം റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0111/16<br><br>കൺവീനർ - ശ്രീ. രാജേന്ദ്രപ്രസാദ്, പേങ്ങാട്ട്.<br><br>ചെലവ് - ₹ 189959<br><br>ബിൽ നം., തീ. - 6/26.8.15<br><br>എം.ബുക്ക് നം. 9/15-16 | 3 | 9.715 | 68576.04 | 65088.17 | 3488 |
| 37. | ഐരാക്കാവ് കുന്നംപള്ളി റോഡ് കോൺക്രിറ്റിംഗ് | 3 | 3.99 | 28164.53 | 25732.04 | 1432 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രൊജക്ട് നം.S089/16<br>കൺവീനർ- ശ്രീ. വർഗ്ഗീസ് മാത്യൂ, കുന്നംപള്ളിൽ.<br>ചെലവ്- രൂ.75739<br>ബിൽ നം.,തീയതി- 42/26.3.16<br>എം.ബുക്ക് നം.51/15-16 | | | | | |
| | ആകെ | | | | | 149958 |

മേൽ പറഞ്ഞ പ്രകാരം അധികം നൽകിയ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുകകൾ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## (3-9) തെരുവ് വിളക്ക് സ്ഥാപിക്കൽ- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | തെരുവ് വിളക്ക് സ്ഥാപിക്കൽ (നം-42/15-16) |
| വകയിരുത്തിയ തുക | 200000 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 199864 |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | സെക്രട്ടറി, ഗ്രാമപ്പഞ്ചായത്ത് |

പ്രോജക്ട് പ്രകാരം 740 സി.എഫ്.എൽ ലാമ്പുകളും അനുബന്ധ ഉപകരണങ്ങളും യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി. ആയതിന് 199684 രൂപ ഡി.ഡി നം- 859529/28-03-2016 പ്രകാരം പ്രസ്തുത സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ലാമ്പുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിരിക്കുന്നത് വാർഡ് മെംബർമാർക്കാണ്. എന്നാൽ ആയത് സ്ഥാപിച്ചതിന്റെ യാതൊരുവിധ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. 2015-16 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ സ്ഥാപനത്തിനായി പ്രോജക്ട് പ്രകാരമോ തനത് ഫണ്ടിൽ നിന്നോ തുകയൊന്നും ചെലവഴിക്കുകയും ചെയ്തിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. പ്രസ്തുത സാഹചര്യത്തിൽ ചെലവ് തുകയായ 199684 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-10) അലൂമിനിയം ഷീറ്റ് റൂഫിംഗിന് അധിക നിരക്ക് അനുവദിച്ചു

മരാമത്തു പ്രവൃത്തികളിൽ "അലൂമിനിയം ട്രാഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് " എന്നയിനത്തിന് അധിക നിരക്ക് അനുവദിച്ചതുമൂലം കരാറുകാർക്കും കൺവീനർക്കും അധിക തുക നൽകുകയുണ്ടായി. 2014-15വർഷം ആവിഷ്ക്കരിച്ച് ആരംഭിച്ച പ്രവൃത്തികൾ 2015-16വർഷം സ്പിൽ ഓവറായി നടപ്പാക്കിയപ്പോഴാണ് ഇപ്രകാരം അധികതുക നൽകിയത്.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സർവ്ഡ് ഡേറ്റാ പ്രകാരമുള്ള നിരക്ക് കൺവീനർ പ്രവൃത്തികളിൽ 5793/10m2 രൂപയും, കരാർ പ്രവൃത്തികളിൽ 6662/10m2രൂപയുമാണ്. മാർക്കറ്റിൽ ലഭ്യമായ 3 m നീളമുള്ളതും 0.95 m വീതിയുള്ളതും 0.46 mm കനമുള്ളതുമായ26 ഗേജ് അലൂമിനിയം ട്രഫോർഡ് ഷീറ്റിന്റെ ഭാരം 4.2 kg ആണ്. അതായത് 2.85 ച.മീറ്ററുള്ള പ്രസ്തുത ഷീറ്റിന്റെ ഭാരം 4.2 kg ആണ്. ആയതിനാൽ ഒരു ച.മീറ്റർ ഷീറ്റിന്റെ ഭാരം 1.473 kg ആണ്.

ഒബ്സർവ്ഡ് ഡാറ്റാ

| ഇനം | തുക |
|---|---|
| 11.5 m2 അലൂമിനിയം ട്രഫോർഡ് ഷീറ്റിന്റെ വില (പൗഡർ കോട്ടഡ്) 11.5X1.473 kg =16.939kg@268/kg | 4539.65 |
| 22 nos Gl Bolt, 0.733 kg@81/kg | 59.37 |
| 22 nos Bitumen washer @ 2/10 nos | 4.40 |
| 16.939kg അലൂമിനിയം ഷീറ്റിന്റെ കടത്തുകൂലി @323/ടൺ | 5.47 |
| ലേബർ | |
| 1.35 Nos. കാർപ്പെന്റർ @500/E | 675.00 |
| 1.35 Nos. പുരുഷൻ @ 377/E | 508.95 |
| ആകെ | 5792.84 = 5793/- |

വിവിധ പ്രവൃത്തികളിൽ അധികം നൽകിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ വിവരം, കൺവീനർ/ കരാറുകാരൻ | എം.ബുക്ക് നം., ബിൽ നം., തീയതി | നൽകിയ നിരക്ക്, അളവ്, തുക | അനുവദിക്കാവുന്ന നിരക്ക്, തുക | അധികം നൽകിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| S.070/16- പി.എച്ച്.സി പുനരുദ്ധാരണം.<br>കരാറുകാരൻ- ജോസഫ് തോമസ്, കൊടിയൂർ, പുല്ലാട്. | നം.14/15-16<br>ബിൽ നം.9/8.9.15- രൂ.357443 | 142.38m2<br>@10184/10m2<br>= 144999.79 | 6662/10m2<br>= 94853.56 | 50146 |
| S.072/16- ആയുർവ്വേദ ആശുപത്രി മെയിന്റനൻസ്.<br>കരാറുകാരൻ- ജോസഫ് തോമസ് | നം.24/15<br>ബിൽ നം.15/ 27.10.15- രൂ.298895 | 61.06m2<br>@10204/10m2<br>= 62305.62 | 6662/10m2<br>= 40678.17 | 21627 |
| S.071/16- കൃഷിഭവൻ പുനരുദ്ധാരണം.<br>കരാറുകാരൻ- ജോസഫ് തോമസ് | നം.13/15-16<br>ബിൽ നം.8/8.9.15- രൂ.197075 | 99.60m2<br>@10165/10m2<br>= 101243.40 | 6662/10m2<br>= 66353.52 | 34890 |
| S.057/16- വിവിധ അംഗൻവാടികളുടെ മെയിന്റനൻസ്.<br>കൺവീനർ- വസന്ത.എസ്.ആനന്ദ്, പടിഞ്ഞാറേത്ത്. | നം.4/15-16<br>ബിൽ നം.62/30.3.16- രൂ.192947 | 202m2<br>@8873.30/10m2<br>= 179240.66 | 5793/10m2<br>= 117018.60 | 62222 |
| ആകെ | | | | 168885 |

കരാറുകാരന് / കൺവീനർക്ക് അധിക പ്രതിഫലം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം, തുക ഉത്തരവാദിയായ അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.

## (3-11) തെരുവ് വിളക്കുകളുടെ മീറ്ററിംഗ്- തുക അടവാക്കിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ല

2011-12 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ മീറ്ററിംഗിനായി 191000 രൂപ ഗ്രാമപഞ്ചായത്ത് അടവാക്കിയെന്നും 21 മീറ്ററുകൾ സ്ഥാപിച്ചതായും 2012-13, 2013-14 & 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ ഇപ്പോഴും കറന്റ് ചാർജ്ജ് അടവാക്കുന്നത് പഴയ നിരക്കിൽ തന്നെയാണ്. മീറ്ററിംഗിന് തുക അടവാക്കിയതിന്റെ യാതൊരു പ്രയോജനവും ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല.

നിലവിൽ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ ഗ്രാമപ്പഞ്ചായത്ത് അടവാക്കുന്നത് 101073 രൂപയാണ്. കെ.എസ്.ഇ.ബി യിൽ നിന്നുമുള്ള താരിഫ് സ്റ്റേറ്റ്മെന്റ് പ്രകാരം 966 എണ്ണം തെരുവ് വിളക്കുകളും സാധാരണ ബൾബുകളാണ്. ഇവയുടെ കറന്റ് ചാർജ്ജ് ഒരു മാസം 58926 രൂപയാണ്. കഴിഞ്ഞ 5 വർഷത്തെ തെരുവ് വിളക്കുകളുടെ വാങ്ങൽ പരിശോധിച്ചതിൽ നിന്നും സാധാരണ ബൾബുകൾ വാങ്ങിയതായി കാണാൻ കഴിഞ്ഞിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ സാധാരണ ബൾബുകൾ ഒന്നും തന്നെ നിലവിലില്ലായെന്നാണ് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചത്. പ്രസ്തുത സാഹചര്യത്തിൽ നിലവിലില്ലാത്ത സാധാരണ ബൾബുകളുടെ കറന്റ് ചാർജ്ജാണ് അടവാക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

തെരുവ് വിളക്കുകളുടെ മീറ്ററിംഗിന് തുക അടവാക്കി അഞ്ച് വർഷത്തിനു ശേഷവും ഗ്രാമപ്പഞ്ചായത്തിന് അതിന്റെ പ്രയോജനം ലഭ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ടി വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## **(3-12)** സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഗ്രാമപ്പഞ്ചായത്തിന്റെ തനത് ഫണ്ട് ചോർത്തുന്നു

271 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2016 മാർച്ച് മാസം ഗ്രാമപഞ്ചായത്ത് അടവാക്കിയത് 118563 രൂപയാണ്. ഇത് പ്രകാരം വെള്ളക്കരമിനത്തിൽ ഒരു വർഷം അടവാക്കേണ്ടി വരുന്നത് പതിനാല് ലക്ഷത്തോളം രൂപയാണ്. പൊതുടാപ്പിൽ നിന്നുമുള്ള വെള്ളം ഉപയോഗിച്ചാലും ഇല്ലെങ്കിലും പ്രതിമാസം 5250/- രൂപ എന്ന നിരക്കിൽ വാട്ടർ അതോറിറ്റി വെള്ളക്കരം കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കി കൊണ്ടിരിക്കുകയാണ്. എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഉപയോഗിക്കുന്ന വെള്ളത്തിന് മാത്രമാണ് വെള്ളക്കരം അടയ്ക്കുന്നതെന്ന് ഗ്രാമപഞ്ചായത്തധികൃതർക്ക് ഉറപ്പ് വരുത്താൻ കഴിയുമായിരുന്നു. നിലവിലുള്ള പല ടാപ്പുകളും പ്രവർത്തിക്കുന്നില്ലായെന്നും ഇപ്രകാരം ഉപയോഗമില്ലാത്ത ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നതെന്നുമാണ് എക്സിറ്റ് മീറ്റിംഗിലെ ഭരണസമിതി അംഗങ്ങളുടെ വാക്കുകളിൽ നിന്നും ഓഡിറ്റിന് ബോധ്യപ്പെട്ടത്.

12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം പരമാവധി ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം യാതൊരുവിധ പദ്ധതികളും തയ്യാറാക്കിയിട്ടില്ല. ഗാർഹിക കണക്ഷൻ എടുക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി വെള്ളക്കരമിനത്തിലുള്ള വൻ ബാധ്യത കുറയ്ക്കുന്നതിന് ഗ്രാമപഞ്ചായത്തധികൃതർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതു പോലെ വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതിനും ഇത് പ്രകാരം വെള്ളക്കരം പുനർ നിശ്ചയിക്കുന്നതിന് നടപടികൾ ഭരണസമിതി അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

## **(3-13)** <u>മത്സ്യ മാർക്കറ്റ് കെട്ടിടനിർമ്മാണം- തുടർപ്രവർത്തനങ്ങൾ നടന്നിട്ടില്ല</u>

| | |
|---|---|
| പ്രൊജക്ട് നം., പേര്- | S.163/16- പുല്ലാട് ഫിഷ് മാർക്കറ്റ് ബാലൻസ് വർക്ക് |
| അടങ്കൽ തുക- | രൂ.10,00,000 (തനതുഫണ്ട്) |
| ചെലവു വിവരം- | ചെക്ക് നം.334514/1.10.15- രൂ.10,00,000 |
| കരാറുകാരൻ- | പുരുഷോത്തമൻ നായർ, പുത്തൻപുരയിൽ |

മത്സ്യ മാർക്കറ്റ് കെട്ടിടനിർമ്മാണത്തിനായി ഫിഷറീസ് വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടും യഥാസമയം പ്രവൃത്തി പൂർത്തിയാക്കാഞ്ഞതിനാൽ ഫണ്ട് ലഭിക്കാതിരുന്നതും, പണിത കെട്ടിടത്തിൽ ബാക്കി പ്രവൃത്തികൾ നടത്തി ഉപയോഗപ്രദമാക്കാത്തതും സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക-3-ൽ പരാമർശിച്ചിരുന്നു.

കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പ്രവൃത്തിയുടെ പ്രതിഫലം നൽകുന്നതിനായി 2015-16വർഷം മേൽപറഞ്ഞ പ്രൊജക്ട് തയ്യാറാക്കി തനതുഫണ്ടിൽ നിന്നും 1.10.15-ൽ പത്തുലക്ഷം രൂപ പിൻവലിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പഞ്ചായത്തുകമ്മറ്റി തീരുമാനം കൈക്കൊള്ളുകയോ ചെയ്യാതെയാണ് പണം പിൻവലിച്ച് കരാറുകാരന് തുക നൽകിയത്. എന്നാൽ കെട്ടിടത്തിന്റെ ബാക്കി പണികൾ ചെയ്യുന്നതിനും കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനും നാളിതുവരെയായിട്ടും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. 2015-16-ൽ തന്നെ S.62/16-ാം നമ്പരായി കെട്ടിടനിർമ്മാണത്തിന് 10ലക്ഷം രൂപ തനതുഫണ്ട് വകയിരുത്തി മറ്റൊരു പ്രൊജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പാക്കിയില്ല. മത്സ്യമാർക്കറ്റിന്റെ ബാക്കി പണികൾ പൂർത്തീകരിക്കാനും ഉപയോഗപ്രദമാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-14) എ.ബി.സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

വെറ്റിനറി സർജൻ നിർവഹണം നടത്തിയ S174/-എ.ബി.സി പ്രോഗ്രാം- പദ്ധതി നടത്തിപ്പിനായി 70,000/- രൂപ തനതുഫണ്ടിൽ നിന്നും ചെക്ക് നമ്പർ -834527/ 23-02-2016 പ്രകാരം ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## (3-15) മൃഗാശുപത്രി വയറിംഗ്- ചെലവായതിന്റെ ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

വെറ്റിനറി സർജൻ നിർവഹണം നടത്തിയ S167/16- മൃഗാശുപത്രി വയറിംഗ് എന്ന പദ്ധതിയ്ക്കായി ബിൽ നമ്പർ 4/15-16 /29-12-2015 പ്രകാരം 127125/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 1,13,000/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷൻ, പത്തനംതിട്ട എന്ന പേരിലും 14125/-രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി.ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പത്തനംതിട്ട എന്ന പേരിലും ഡി.ഡി.യായി നൽകിയിട്ടുണ്ട് (ഡി.ഡി നമ്പർ യഥാക്രമം 858280, 858281/ 29- 12-2015). എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി.ഇലക്ട്രിക്കൽ സബ് ഡിവിഷനിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷനിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്ര (നമ്പർ.എ6-1704/15-12/01/2017) പ്രകാരം 93,003 /-രൂപ പ്രവർത്തിക്കുവേണ്ടി ചെലവായിട്ടുണ്ട്. ബാക്കി തുകയായ 19,997/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## (3-16) അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 27 അങ്കണവാടികളാണുള്ളത്. ഇവയിൽ സ്വന്തമായി കെട്ടിടമുള്ളത് 6 അങ്കണവാടികൾക്കുമാത്രമാണ്. ബാക്കിയുള്ളവ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അങ്കണവാടികളിൽ ടോയ് ലറ്റ് സൗകര്യമുള്ളത് 6 അങ്കണവാടികൾക്ക് മാത്രമാണ്. വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കിയിട്ടുള്ളത് 6 എണ്ണത്തിനു മാത്രമാണ്. ഒരു അങ്കണവാടിയിൽപോലും ബേബി ഫ്രണ്ട് ലി ടോയ് ലറ്റുകൾ ഇല്ല. 7എണ്ണത്തിനു മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. എല്ലാ അങ്കണവാടികൾക്കും ഗ്യാസ് കണക്ഷൻ ഉണ്ട്.

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം അങ്കണവാടികളെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം വളരെ ഗുരുതരമായി ബാധിക്കുന്നു. ഫണ്ടിന്റെ അപര്യാപ്തത ഒരു തരത്തിലും പ്രശ്നമാകാത്ത ഗ്രാമപ്പഞ്ചായത്തിൽ അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ഭരണസമിതി ക്രീയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-17) അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

പഞ്ചായത്തിന്റെ കീഴിലുള്ള 27 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽവീതം ഫുഡ് ടെസ്റ്റ് ലാബിൽ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18-02-2016 ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളിലേക്ക് നൽകി വന്നിട്ടുള്ള അമൃതം ഫുഡ് ന്യൂട്രിമിക്സ് സാമ്പിളുകൾ ഇത്തരം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയതായി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചതു പോലെതന്നെ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് നടത്തേണ്ടതും പരിശോധനയ്ക്ക് വിധേയമാക്കുന്ന സാമ്പിളുകൾ തൃപ്തികരമായ ഗുണനിലവാരം പുലർത്തുന്നില്ലെന്ന് ലാബ് റിപ്പോർട്ടിൽ തെളിയുന്നപക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യ മിശ്രിതത്തിന്റെ വില അത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ല എന്ന് കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## (3-18) ഭവന പുനരുദ്ധാരണം- ഒരേ ഗുണഭോക്താക്കൾക്ക് തന്നെ തുടർച്ചയായ വർഷങ്ങളിൽ ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ഭവന പുനരുദ്ധാരണം- എസ്.സി.പി<br><br>(നം- 32/15-16) |

| | |
|---|---|
| വകയിരുത്തിയ തുക | 2550000 (വികസനഫണ്ട് എസ്.സി.പി.) |
| ചെലവ് തുക | 1895000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

2015-16 സാമ്പത്തിക വർഷം 77 ഗുണഭോക്താക്കൾക്കാണ് ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയത്. ഇതിൽ തുക കൈപ്പറ്റിയ 14 ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണത്തിന് തുക ഗ്രാമപ്പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ കൈപ്പറ്റിയവർ തന്നെയാണ്. ഇപ്രകാരം ഒരേ ഗുണഭോക്താക്കൾക്ക് തന്നെ തുടർച്ചയായ വർഷങ്ങളിൽ ആനുകൂല്യം നൽകിയിരിക്കുന്നു. 25000 രൂപ വീതമാണ് ഓരോ ഗുണഭോക്താവിനും നൽകിയിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | 2015-16 വർഷം കൈപ്പറ്റിയ തുകയുടെ വിവരം | മുൻ വർഷങ്ങളിൽ തുക കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|---|
| 1 | ഒ.ജി രാജൻ<br>ഓലിക്ക മേലേതിൽ വീട്<br>കുറവൻകുഴി.പി.ഒ, (വാർഡ്-4) | 10000-(859249/17-03-2016)<br>15000-(786086/05-04-2016) | 2011-12 വർഷം ഭവന പുനരുദ്ധാരണത്തിന് 15000 രൂപ നൽകിയിരുന്നു |
| 2 | കെ.റ്റി തങ്കപ്പൻ<br>കുണ്ടേത്ത് കാലായിൽ<br>വരയന്നൂർ.പി.ഒ, (വാർഡ്- 8) | 25000-(786079/05-04-2016) | 2011-12 വർഷം ഭവന പുനരുദ്ധാരണത്തിന് 15000 രൂപ നൽകി |
| 3 | വി.കെ ചെല്ലപ്പൻ<br>മാനത്തുശ്ശേരിൽ<br>പൂവത്തുർ.പി.ഒ, (വാർഡ്- 9) | 10000-(858850/21-01-2016)<br>15000-(859185/09-03-2016) | 2011-12 വർഷം ഭവന പുനരുദ്ധാരണത്തിന് 15000 രൂപ നൽകി. |
| 4 | വി.ഒ വിജയകുമാർ<br>കുമ്പനാറെക്കാട്<br>കടപ്ര.പി.ഒ , | 10000-(857658/03-10-2015)<br>15000-(858178/17-12-2015) | 2011-12 വർഷം ഭവന പുനരുദ്ധാരണത്തിന് 15000 രൂപ നൽകി. |

| | | | |
|---|---|---|---|
| | (വാർഡ്-13) | | |
| 5 | വാസു.എ.ഒ<br>അഴകത്ത്<br>കുമ്പനാട്, (വാർഡ്-16) | 10000-(858163/19-12-2015)<br>15000-(859187/09-03-2016) | 2011-12 വർഷം ഭവന പുനരുദ്ധാരണത്തിന് 15000 രൂപ നൽകി. |
| 6 | പൊന്നപ്പൻ.എ.ഒ<br>അഴകത്ത്<br>കുമ്പനാട്, (വാർഡ്-16) | 10000-(858172/17-12-2015)<br>15000-(858906/16-02-2016) | 2011-12 വർഷം ഭവന പുനരുദ്ധാരണത്തിന് 15000 രൂപ നൽകി. |
| 7 | വേലായുധൻ.പി.പി<br>പുറകുകാലായിൽ<br>കുമ്പനാട്, (വാർഡ്-17) | 10000-(858165/17-12-2015)<br>15000-(858907/16-02-2016) | 2011-12 വർഷം ഭവന പുനരുദ്ധാരണത്തിന് 15000 രൂപ നൽകി. |
| 8 | കെ.എസ് രാമചന്ദ്രൻ<br>ആശാരിപറമ്പിൽ<br>കുമ്പനാട്.പി.ഒ (വാർഡ്-1) | 10000-(858967/18-01-2016)<br>15000-(859234/15-03-2016) | 2011-12 വർഷം ഭവന പുനരുദ്ധാരണത്തിന് 15000 രൂപ നൽകി. |
| 9 | സുമല കൃഷ്ണൻകുട്ടി<br>കൊക്കാട്ട് കാവിൽ<br>പുല്ലാട്, (വാർഡ്-7) | 10000-(858314/31-12-2015)<br>15000- (858545/21-01-2016) | 2012-13 വർഷം ഭവന പുനരുദ്ധാരണത്തിന് 25000 രൂപ ടിയാളുടെ ഭർത്താവായ കൃഷ്ണൻകുട്ടിക്ക് നൽകിയിട്ടുണ്ട്. |
| 10 | വത്സല തങ്കപ്പൻ<br>മാനത്തുശ്ശേരിൽ<br>പൂവത്തൂർ.പി.ഒ, (വാർഡ്-9) | 10000-(858464/18-01-2016)<br>15000-(859057/24-02-2016) | 2013-14 വർഷം ഭവന പുനരുദ്ധാരണത്തിന് ടിയാളുടെ ഭർത്താവായ എ.പി തങ്കപ്പൻ 25000 |

| | | | |
|---|---|---|---|
| | | | രൂപ കൈപ്പറ്റിയിട്ടുണ്ട് |
| 11 | ഗോപാലൻ.എൻ.കെ<br>നകത്തല നടുക്കേപുതുപറമ്പിൽ<br>കടപ്ര, (വാർഡ്- 10) | 10000-<br>(857634/03-10-2015)<br>15000-<br>(858177/17-12-2015) | 2013-14 വർഷം ഭവന പുനരുദ്ധാരണത്തിന് 25000 രൂപ കൈപ്പറ്റിയിട്ടുണ്ട്. |
| 12 | സോമൻ.വി.ഡി<br>പ്ലാവേലിക്കാലായിൽ<br>നെല്ലിമല.പി.ഒ, (വാർഡ്- 17) | 10000-<br>(858164/17-12-2015)<br>15000-<br>(859908/16-02-2016) | 2013-14 വർഷം ഭവന പുനരുദ്ധാരണത്തിന് 25000 രൂപ കൈപ്പറ്റിയിട്ടുണ്ട്. |
| 13 | കെ.സുകുമാരൻ<br>കൊല്ലേരുകളത്തിൽ<br>നെല്ലിമല.പി.ഒ, (വാർഡ്-17) | 10000-<br>(858166/17-12-2015)<br>15000-<br>(858548/01-01-2016) | 2013-14 വർഷം ഭവന പുനരുദ്ധാരണത്തിന് 25000 രൂപ കൈപ്പറ്റിയിട്ടുണ്ട്. |
| 14 | വത്സല കുട്ടപ്പൻ<br>പെരിയക്കാട്ട്<br>നെല്ലിമല.പി.ഒ, (വാർഡ്- 17) | 10000-<br>(859277/17-03-2016)<br>15000-<br>(786097/05-04-2016) | 2013-14 വർഷം ഭവന പുനരുദ്ധാരണത്തിന് 25000 രൂപ കൈപ്പറ്റിയിട്ടുണ്ട്. |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം 14 ഗുണഭോക്താക്കൾക്ക് തുടർച്ചയായുള്ള വർഷങ്ങളിൽ ആനുകൂല്യം നൽകിയ അപാകതക്ക് ഓഡിറ്റിൽ വിശദീകരണം നൽകണമെന്ന് കാട്ടി ഓഡിറ്റ് എൻക്വയറി (നം. 8/16 തീയതി. 9.1.2017) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധമായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും വിശദീകരണം ലഭ്യമാകാത്ത സാഹചര്യത്തിൽ 14 ഗുണഭോക്താക്കൾക്കായി നൽകിയ 350000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഒരേ ഗുണഭോക്കൾക്ക് തുടർച്ചയായ വർഷങ്ങളിൽ ആനുകൂല്യം നൽകിയ അപാകതയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും യുക്തമായ മറുപടി ലഭ്യമാകാത്ത പക്ഷം തുക നിരാകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## **(3-19)** ഭവന പുനരുദ്ധാരണം- സ്വന്തം പേരിൽ വീടില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ഭവന പുനരുദ്ധാരണം- എസ്.സി.പി |

| | |
|---|---|
| | (നം- 32/15-16) |
| വകയിരുത്തിയ തുക | 2550000 (വികസനഫണ്ട് എസ്.സി.പി.) |
| ചെലവ് തുക | 1895000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

2015-16 സാമ്പത്തിക വർഷം 77 ഗുണഭോക്താക്കൾക്കാണ് ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയത്. ഇതിൽ ആനുകൂല്യം കൈപ്പറ്റിയ 9 ഗുണഭോക്താക്കൾ ഹാജരാക്കിയ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പ്രകാരം വീടിന്റെ ഉടമസ്ഥത അവരുടെ പേരിലല്ല. മേൽ ഗുണഭോക്താക്കൾ ഹാജരാക്കിയ റേഷൻ കാർഡിൽ ഉടമസ്ഥത സർട്ടിഫിക്കറ്റ് പ്രകാരമുള്ള വീടിന്റെ ഉടമസ്ഥന്റെ പേര് ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ഉടമസ്ഥത സർട്ടിഫിക്കറ്റ് പ്രകാരമുള്ള വീടിന്റെ ഉടമസ്ഥനും ഗുണഭോക്താവും ഒരേ വീട്ടിലെ താമസക്കാർ തന്നെയാണെന്ന് ഉറപ്പുവരുത്താതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ആനുകൂല്യം നൽകിയിരിക്കുന്നത്. ഇപ്രകാരം ആനുകൂല്യം നൽകിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | കുഞ്ഞുമോൾ<br>കൊച്ചുപറമ്പിൽ<br>കോയിപ്രം.പി.ഒ, (വാർഡ്-10) | 10000-(859851/30-03-2016)<br>15000-(786092/05-04-2016) | വീടിന്റെ ഉടമസ്ഥതാവകാശ സർട്ടിഫിക്കറ്റ് ചാത്തൻതേവൻ എന്നയാളുടെ പേരിലാണ് |
| 2 | രാജി.റ്റി.കെ<br>പുലിക്കല്ലുംപുറത്ത്<br>കുറങ്ങഴ.പി.ഒ, (വാർഡ്- 3) | 10000-(859897/30-03-2016)<br>15000-(786084/05-04-2016) | വീടിന്റെ ഉടമസ്ഥതാവകാശ സർട്ടിഫിക്കറ്റ് കേശവൻ മുത്തകൊച്ച് എന്നയാളുടെ പേരിലാണ് |
| 3 | ജയചന്ദ്രൻ.സി.കെ<br>ചാമക്കാലായിൽ<br>പുല്ലാട്.പി.ഒ, (വാർഡ്- 8) | 25000-(786079/05-04-2016) | വീടിന്റെ ഉടമസ്ഥതാവകാശ സർട്ടിഫിക്കറ്റ് കേശവൻ എന്നയാളുടെ പേരിലാണ് |

| | | | |
|---|---|---|---|
| 4 | ഓമന.വി.ഡി<br>നെട്ടംകാലായിൽ<br>കുറവൻകുഴി.പി.ഒ, (വാർഡ്-5 | 10000-(857653/03-10-2015)<br>15000-(858176/17-12-2015) | വീടിന്റെ ഉടമസ്ഥതാവകാശ സർട്ടിഫിക്കറ്റ് ഫയലില്ല. |
| 5 | കുഞ്ഞുമോൻ<br>തൈപ്പറമ്പിൽ<br>കുമ്പനാട്, (വാർഡ്-14) | 10000-(858161/17-12-2015)<br>15000-(859276/19-03-2016) | വീടിന്റെ ഉടമസ്ഥതാവകാശ സർട്ടിഫിക്കറ്റ് ഫയലില്ല. |
| 6 | കനകാമ്പരൻ<br>തുണ്ടിപ്പറമ്പിൽ<br>പൂവത്തൂർ, (വാർഡ്- 11) | 10000-(858167/17-12-2015)<br>15000-(858470/18-01-2016) | വീടിന്റെ ഉടമസ്ഥതാവകാശ സർട്ടിഫിക്കറ്റ് ജാനകി എന്നയാളുടെ പേരിലാണ് . |
| 7 | പഞ്ചമി.സി.ഗോപി<br>മൈലനിൽക്കുന്നതിൽ വീട്<br>കടപ്ര.പി.ഒ (വാർഡ്-12) | 10000-(858551/21-01-2016)<br>15000-(858903/16-02-2016) | വീടിന്റെ ഉടമസ്ഥതാവകാശ സർട്ടിഫിക്കറ്റ് അനിതാ രാജൻ എന്നയാളുടെ പേരിലാണ് . |
| 8 | ചന്ദ്രമതി കേശവൻ<br>കണിയാം വടക്കേതിൽ<br>പുല്ലാട്.പി.ഒ (വാർഡ്-5) | 10000-(858174/17-12-2015)<br>15000-(858915/16-02-2016) | വീടിന്റെ ഉടമസ്ഥതാവകാശ സർട്ടിഫിക്കറ്റ് പൊലിയക്കുട്ടി എന്നയാളുടെ പേരിലാണ് . |
| 9 | സുരേഷ് ബാബു.പി.എസ്<br>ചിറയിൽ വീട്<br>പുല്ലാട്, (വാർഡ്-15) | 10000-(857656/03-10-2015)<br>15000-(859054/24-02-2016) | വീടിന്റെ ഉടമസ്ഥതാവകാശ സർട്ടിഫിക്കറ്റ് ഫയലില്ല |
| 10 | രാജൻ.ഒ.ജി<br>ഓലിക്കൽ | 10000-(859279/17-03-2016) | വീടിന്റെ ഉടമസ്ഥതാവകാശ |

| | | | |
|---|---|---|---|
| | മേലേതിൽ<br>കുറവൻകുഴി.പി.ഒ,<br>(വാർഡ്-4) | 15000-<br>(786086/05-04-2016) | സർട്ടിഫിക്കറ്റ്<br>കുഞ്ഞമ്മ രാമൻ<br>എന്നയാളുടെ<br>പേരിലാണ് . |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം 10 ഗുണഭോക്താക്കൾക്ക് വ്യക്തമായ രേഖകളില്ലാതെ ആനുകൂല്യം നൽകിയ അപാകതക്ക് ഓഡിറ്റിൽ വിശദീകരണം നൽകണമെന്ന് കാട്ടി ഓഡിറ്റ് എൻക്വയറി (നം. 9/12, തീയതി. 9.1.2017) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മറുപടിയുടെ അഭാവത്തിൽ 10 ഗുണഭോക്താക്കൾക്കായി നൽകിയ 250000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-20) എസ്.സി കുട്ടികൾക്ക് ലാപ് ടോപ്പ്- ലഭ്യമായ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല

2015-16 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങുന്നതിന് വികസനഫണ്ട്- 100000, ജില്ലാ പഞ്ചായത്ത് വിഹിതം- 200000 2100000 രൂപ അടങ്കലുള്ള പ്രോജക്ട് തയ്യാറാക്കിയെങ്കിലും നിർവ്വഹണം നടന്നില്ല. പ്രോജക്ട് നിർവ്വഹണത്തിനായി 200000 രൂപ ഡി.ഡി നം- 265533/11-04-2016 പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക 20-04-2016 ൽ തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു.

ലാപ് ടോപ്പ് വിതരണത്തിനായി ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നില്ല. പ്രോജക്ട് സ്പിൽ ഓവറാക്കിയെങ്കിലും ഓഡിറ്റ് സമയത്തും പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല. 2015-16 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിലെ ചെലവായ 20 ലക്ഷം രൂപ തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത് ഗ്രാമപ്പഞ്ചായത്ത് പലിശ വാങ്ങുന്ന അവസ്ഥയാണ് നിലവിലുള്ളത്. നടപ്പ് സാമ്പത്തിക വർഷം ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണം അടിയന്തിരമായി പൂർത്തീകരിക്കുമെന്നുമാണ് എക്സിറ്റ് മീറ്റിംഗിൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചത്. പദ്ധതി നിർവ്വഹണം അടിയന്തിരമായി പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## (3-21) സ്റ്റുഡന്റ് പോലീസ് കേഡറ്റ് -വികസനഫണ്ട് ഉപയോഗിച്ചിരിക്കുന്നു

എച്ച്.എം, ജി.എൽ.പി.എസ്, പൂവത്തൂർ നിർവ്വഹണം നടത്തിയ പദ്ധതിയായ സ്റ്റുഡന്റ് പോലീസ് കേഡറ്റ് ( നം.81/16) എന്ന പദ്ധതിക്കു വേണ്ടി (ബിൽ നമ്പർ 2/15-16/ 14-01-2016) 20,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് 3/2012/ത.സ്വ.ഭ.വ. തീയതി. 02/01/2012 പ്രകാരം പ്രസ്തുത പദ്ധതിക്കുവേണ്ടി തനതു ഫണ്ടാണ് വകയിരുത്തേണ്ടത്. ഇതിനു വിരുദ്ധമായി പദ്ധതിയിൽ വികസനഫണ്ടാണ് ഉപയോഗിച്ചിരിക്കുന്നത്. അപാകത

ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-22) ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തി- സുതാര്യമല്ല

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ. 1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർവ്വഹണഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും കാഷ് ബില്ലിൽ അസി.എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി.എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ കാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃസമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്റ്റിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെ ആയിരിക്കണമെന്നും ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണമെന്നും പദ്ധതി നിർവ്വഹണമാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും സുതാര്യതയില്ലാത്തതാണ്.

താഴെ പറയുന്ന പ്രവൃത്തികളിൽ, കൺവീനർമാരിൽ നിന്നും ചെലവു വൗച്ചറുകളും മസ്റ്റർ

റോളും വാങ്ങാതെയാണ് പ്രതിഫലം നൽകിയിരിക്കുന്നത്. ആയത് ഗുരുതരമായ അപാകതയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി | കൺവീനർ | ബിൽ നം.,തീയതി | തുക |
|---|---|---|---|
| S.82/16-സാൽവേഷൻ ആർമി കറവയ്ക്കൽ പടി റോഡ് കോൺക്രീറ്റിംഗ്. | ടിജു.പി.മാത്യു, പൊട്ടക്കളത്തിൽ | 24/31.12.15 | 324783 |
| S.95/16-മലമ്പാറയ്ക്കൽ കറവൻകുഴി റോഡ് കോൺക്രീറ്റിംഗ് | അഞ്ജലി പ്രദീപ്, കുഴിമണ്ണിൽ | 7/8.9.15 | 249993 |
| S.103/16-കാരക്കാട് പടി ആന്താലിപടി റോഡ് കോൺക്രിറ്റിംഗ്. | മാത്യു തോമസ്, കപ്പമാവുനിൽക്കുന്നതിൽ | ചെക്ക് നം. 0334532/ 23.2.16 | 222586 |
| S.93/16-മലമ്പാറയ്ക്കൽ ഭഗവതിക്കാവ് റോഡ് കോൺക്രീറ്റിംഗ് | വിജയപണിക്കർ, കലവറത്തറയിൽ | 18/17.12.15 | 104592 |
| S.121/16-കാഞ്ഞോംകാവ് തേക്കിൽപടി റോഡ് കോൺക്രീറ്റിംഗ് | മാത്യു.കെ.ചാക്കോ, നിരവിൽ പുത്തൻവീട് | 44/26.3.16 | 331862 |
| S.102/16-കണ്ടയത്തുകാലാ പോലീസ് സ്റ്റേഷൻ റോഡ് കോൺക്രീറ്റിംഗ് | ജയൻ, കണ്ടയത്തുഭവൻ | ബിൽ 21500370/ 17.9.15 | 99087 |
| S.109/16-സണ്ടേസ്കൂൾ | ഓമനക്കുട്ടൻനായർ, മാലിവേലി | 19/17.12.15 | 195498 |

| | | | |
|---|---|---|---|
| പരവുംതിട്ട കടവ് റോഡ് കോൺക്രീറ്റിംഗ് | | | |
| S.110/16- ഇളപ്പുങ്കൽ പ്ലാന്താനം പടി റോഡ് കോൺക്രീറ്റിംഗ് | വേണുഗോപാലപിള്ള, ഐക്കാട് | ചെക്ക് നം.354503/ 26.8.15 | 358381 |
| S.118/16- കരീലകുളം ലൈൻ റോഡ് കോൺക്രീറ്റിംഗ് | ലാലു.കെ.കോശി, കോയിക്കൽ പറമ്പിൽ | ചെക്ക് നം.334504/ 26.8.15 | 81149 |
| S.83/16- ഐരാക്കാവ് സീയോൻ മാർത്തോമാ ചർച്ച് റോഡ് കോൺക്രീറ്റിംഗ് | തോമസ് തോമസ്, ഊര്യകുന്നത്ത് | 12/18.9.15 | 406941 |
| S.92/16- ഉമക്കുഴ ആനക്കുഴിക്കൽ പടി റോഡ് കോൺക്രീറ്റിംഗ് | സുധീന്ദ്രകുമാർ | ബിൽ 21500960/ 31.3.16 | 149892 |
| S.96/16- മുട്ടമൺ തത്തക്കുഴി റോഡ് കോൺക്രീറ്റിംഗ് | സ്കറിയ.പി.ജേക്കബ്, പുല്ലോലിൽ | 27/27.1.16 | 337289 |
| S.90/16- കൊല്ലംപടി തങ്കമ്മ പടി റോഡ് കോൺക്രീറ്റിംഗ് | വിനോദ്, ശ്രീനാരായണപുരത്ത് | 43/26.3.16 | 180400 |
| S.99/16- ചക്കുതറ കനാൽ റോഡ് കോൺക്രീറ്റിംഗ് | സോമൻ, അക്ഷയഭവൻ | 16/17.12.15 | 232000 |
| S.108/16- പുത്തൻവീട്ടിൽ പടി | ഗോപിനാഥൻ, മോലിയിൽ | 11/18.9.15 | 85325 |

| | | | |
|---|---|---|---|
| തൈക്കൂട്ടത്തിൽ പടി റോഡ് കോൺക്രീറ്റിംഗ് | | | |
| S.111/16- വട്ടവേലിൽ കുന്നത്തറകുളം റോഡ് കോൺക്രീറ്റിംഗ് | രാജേന്ദ്രപ്രസാദ്, പേങ്ങാട്ട് | 6/26.8.15 | 189959 |
| S.75/16- പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് | അനിൽകുമാർ, രമ്യാഭവൻ | ചെക്ക് നം.334548/ 26.3.16 | 36075 |
| S.69/16- പരപ്പുഴ പുളിവേലിപ്പടി റോഡ് കോൺക്രീറ്റിംഗ് | റോയി ഈപ്പൻ, പരപ്പുഴ | ചെക്ക് നം.009200/ 13.7.15 | 323505 |
| S.58/16- അരീക്കുഴി കുളം നവീകരണം | ഗീതാ വിജയൻ, പുളിച്ചിമാക്കൽ | ചെക്ക് നം.334547/ 26.3.16 | 136610 |
| S.57/16- വിവിധ അംഗൻവാടികൾ മെയിന്റനൻസ് | വസന്ത.എസ്.ആനന്ദ്, പടിഞ്ഞാറേത്ത് | ബിൽ 62/30.3.16 | 192947 |
| S.97/16- ഹോമിയോ ആശുപത്രി മെയിന്റനൻസ് | രാജഗോപാൽ, പനങ്ങാട് | ബിൽ 10/8.9.15 | 126539 |
| ആകെ | | | 4365413 |

കൺവീനർമാർ സമർപ്പിക്കേണ്ടതായ രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കാതെ പ്രവൃത്തികൾക്ക് പ്രതിഫലം നൽകിയ സാഹചര്യത്തിൽ മേൽപറഞ്ഞ ചെലവുകൾ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. കൃത്യമായ രേഖകൾ വാങ്ങി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

## (3-23) പ്രവൃത്തികളുടെ കൺവീനർമാരെ സംബന്ധിച്ച് അവ്യക്തത

താഴെ പറയുന്ന പ്രവൃത്തികളുടെ കൺവീനർമാരെ സംബന്ധിച്ച് അവ്യക്തതയുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. കണ്ണങ്കര ആനമലപ്പള്ളിപടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ(നം.S.98/16) കൺവീനറായി ശ്രീകുമാർ, അട്ടിയിൽ എന്നയാളിനെ തെരഞ്ഞെടുത്തതായാണ് ഗുണഭോക്തൃസമിതി മിനിറ്റ്സിൽ എഴുതിയിരിക്കുന്നത്. എഗ്രിമെന്റിലും ഈ പേരാണ് കാണുന്നത്. എന്നാൽ വർക്ക് ബില്ലിലും എം.ബുക്കിലും മാത്യു.കെ.ചാക്കോ എന്നയാളിന്റെ പേരാണ് കാണുന്നത്. വിലാസം വ്യക്തമാക്കുന്ന രേഖകളും പാൻ കാർഡിന്റെ പകർപ്പും ഫയലിലില്ല. തുക ആർക്കാണ് നൽകിയതെന്ന് രേഖയുമില്ല.

2. കനാൽ മണക്കാലാ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ(നം.S.113/16) കൺവീനറായി ലൂക്കോസ്.എം.സി എന്നയാളിന്റെ പേരാണ് മിനിറ്റ്സിലും ഫയലിലും കാണുന്നത്. ഇദ്ദേഹത്തിന്റെ വിലാസം ഫയലിൽ നിന്ന് ലഭ്യമല്ല.

3. കളരിക്കൽപടി മാവേലിപടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ(നം.S.155/16) കൺവീനറായി ശ്രീ മോഹൻദാസ് എന്നയാളിന്റെ പേരാണ് മിനിറ്റ്സിലും ഫയലിലും കാണുന്നത്. ഇദ്ദേഹത്തിന്റെ വിലാസം തെളിയിക്കുന്ന രേഖകളൊന്നും ഫയലിലില്ല. കൺവീനറും ഗുണഭോക്തൃകമ്മറ്റിയംഗങ്ങളും എഗ്രിമെന്റ് വെച്ചിട്ടുമില്ല.

4. ചുങ്കാസ് പടി പൊട്ടക്കുളം റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിൽ(നം.123/16) ഗുണഭോക്തൃസമിതി യോഗം ചേർന്നതായി വ്യക്തമാക്കുന്ന രേഖയില്ല. കൺവീനറായി ശ്രീ. ജോൺ, പൊട്ടകുളത്തിൽ ചിറയിൽ എന്നയാളിനെ തെരഞ്ഞെടുത്തതായാണ് മിനിറ്റ്സായി എഴുതിയിരിക്കുന്നത്. എന്നാൽ യോഗം എന്ന്, എവിടെ വെച്ച് കൂടിയതെന്ന് നോട്ടീസിലും മിനിറ്റിലും എഗ്രിമെന്റിലും എഴുതിയിട്ടില്ല. ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ കൂടിയിട്ടില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(നം.19/13.1.17) മറുപടി ലഭിച്ചിട്ടില്ല.

## (3-24) ആശ്രയ പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

സർക്കാർ ഉത്തരവ് (സാധാ) നം-2901/2014 ത.സ്വ.ഭ.വ തീയതി 06-11-2014 പ്രകാരമാണ് (2013-2016 കാലയളവിലേക്ക്) ഗ്രാമപ്പഞ്ചായത്തിലെ രണ്ടാംഘട്ട ആശ്രയ പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. 81 അഗതികളെയാണ് സർവ്വെ നടത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയത്. അഗതികൾക്ക് അടിയന്തിരമായി പുനരധിവാസവും ചികിൽസയും ഭക്ഷണവും സ്വയം തൊഴിൽ ഉൾപ്പെടെയുള്ള മറ്റ് സഹായങ്ങളും നൽകുന്നതിനാണ് 4400609/- രൂപ അടങ്കലുള്ള പദ്ധതിയിൽ വിഭാവനം ചെയ്തത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | പ്ലാൻ ഫണ്ട് | കുടുംബശ്രീ ചലഞ്ച് ഫണ്ട് | ആകെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഭക്ഷണം | 81 | | 752400 | 752400 |
| 2 | ചികിൽസ | 71 | | 639000 | 639000 |
| 3 | വിദ്യാഭ്യാസ സഹായം | 11 | | 49500 | 49500 |
| 4 | വസ്ത്ര വാങ്ങൽ | 3 | 375000 | | 375000 |
| 5 | ഭവന നിർമ്മാണം | 12 | 2400000 | | 2400000 |
| 6 | ഭവന പുനരുദ്ധാരണം | 4 | 100000 | | 100000 |
| 8 | കക്കൂസ് നിർമ്മാണം | 5 | 40000 | | 40000 |
| 11 | പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും | | | 15000 | 15000 |
| 12 | പദ്ധതി രൂപീകരണം | | | 15000 | 15000 |
| 13 | റിസർവ്വ് ഫണ്ട് | | | 14709 | 14709 |
| | ആകെ | | 2915000 | 1485609 | 4400609 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം വിവിധ പ്രവർത്തനങ്ങൾക്കായി ബൃഹത്തായ ഒരു പദ്ധതി ആവിഷ്കരിച്ചുവെങ്കിലും 2015-16 വർഷം ചെലവഴിച്ചത് ഭക്ഷണം ഇനത്തിൽ 268500 രൂപയും വിദ്യാഭ്യാസ സഹായമായി 16500 രൂപയും പ്രോജക്ട് തയ്യാറാക്കലിനായി 10000 രൂപയും മാത്രമാണ്. ആശ്രയ അക്കൗണ്ടിൽ 2015-16 വർഷം പ്രാരംഭ ബാക്കിയായി 1129051/- രൂപയും പലിശയിനത്തിൽ 57277/- രൂപയും പ്ലാൻ ഫണ്ടിനത്തിൽ 1 ലക്ഷം, ചലഞ്ച് ഫണ്ടിനത്തിൽ 495203/- രൂപ ഉൾപ്പെടെ 1781531/- രൂപ വരവും 295000/- ചെലവുമാണ് ഉണ്ടായിട്ടുള്ളത്. അക്കൗണ്ടിലെ നീക്കിബാക്കി 1486531/- രൂപയാണ്. 1485609/- രൂപ പ്ലാൻ ഫണ്ടായി വകയിരുത്തിയെങ്കിലും 2014-15 വർഷം ഒരു ലക്ഷം രൂപ മാത്രമാണ് പ്രസ്തുത ഇനത്തിൽ നൽകിയിട്ടുള്ളത്. 2015-16 വർഷം ആശ്രയ പദ്ധതിയിൽ ഒരു ലക്ഷം രൂപ പ്ലാൻ ഫണ്ടിനത്തിൽ നൽകിയെങ്കിലും 2016-17 സാമ്പത്തിക വർഷമാണ് അക്കൗണ്ടിൽ ക്രഡിറ്റായത്. വികസനഫണ്ട് പൂർണ്ണമായും ലഭ്യമാക്കി ആശ്രയ പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഗ്രാമപ്പഞ്ചായത്തധികൃതർ സ്വീകരിക്കേണ്ടതാണ്.

സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന അഗതികളുടെ ഉന്നമനത്തിനായി അംഗീകാരം ലഭിച്ച ഒരു പദ്ധതിയാണെങ്കിലും അഗതികൾക്ക് ഏറ്റവും അവശ്യമായ വസ്ത്ര, വീട്, ചികിൽസാ സഹായം എന്നിവ ലഭ്യമാക്കാത്തത് വളരെ ഗുരുതരമായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്ത്ര, വീട്, വീട് അറ്റകുറ്റപ്പണി എന്നിവ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ആയത് നൽകുന്നതിനും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി അടിയന്തിരമായി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1) സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 100000 | 0 |

## (4-2) ഡെപ്പോസിറ്റ് വർക്കിനു നൽകിയ മുൻകൂർ തുകയുടെ വിവരങ്ങൾ

ഇല്ല

## (4-3) മൊബിലൈസേഷൻ അഡ്വാൻസ്

-ഇല്ല-

## (4-4) വായ്പ/ വായ്പ തിരിച്ചടവ്

-ഇല്ല-

## (4-5) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപങ്ങൾ | 5556297 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 524511 |
| ആകെ | 6080808 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6080808 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | എഫ്.ഡി-ഗ്രാമീൺ ബാങ്ക് ( നം-445047) | 1224835 |
| 2 | എഫ.ഡി. ഗ്രാമീൺ ബാങ്ക് ( നം-445048) | 2279096 |
| 3 | എഫ്.ഡി- പത്തനംതിട്ട ഡി.സി.ബി ( നം-42442) | 317730 |
| 4 | എഫ്.ഡി- പത്തനംതിട്ട ഡി.സി.ബി ( നം-17518) | 2259147 |
| ആകെ | | 6080808 |

## (4-6) ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും /ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2002-03 | ഭാഗം 2<br>(ഖണ്ഡിക നം ലഭ്യമായില്ല) | 40 | കെ.ജെ തമ്പി<br>ഓഫീസ് അറ്റൻഡന്റ് | 11504101964/03-07-2015 |
| 2002-03 | ഭാഗം 2<br>(ഖണ്ഡിക നം ലഭ്യമായില്ല) | 3430 | കെ.ജെ തമ്പി<br>ഓഫീസ് അറ്റൻഡന്റ് | 11504500003/01-08-2015 |

## (4-7) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിശദാംശങ്ങൾ ലഭ്യമല്ല

## (4-8) ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(Receipt & Payment Statement പ്രകാരം മുന്നിരുപ്പ് ഉൾപ്പെടെ | 56274796 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45304289 |
| വരവിനങ്ങളിലുള്ള നഷ്ടം | 186530 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 394054 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5165097 + 70000 = 5235097 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നമ്പർ* | ചാർജ് ചെയ്യാവുന്ന തുക | *സർചാർജ്ജ് ചെയ്യാവുന്ന തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥൻ* |
|---|---|---|---|
| 2-1 | 186530 | | ശ്രീമതി. മിനിബായി, സെക്രട്ടറി |
| 3-3 | | 2416 | ശ്രീമതി. മിനിബായി, സെക്രട്ടറി |
| 3-4 | | 50000 | ശ്രീ കെ.എം.എബ്രഹാം<br>അസ്സിസ്റ്റന്റ് സെക്രട്ടറി |
| 3-5 | | 12720 | ശ്രീമതി അജിതാ ദേവി<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-6 | | 10000 | ശ്രീമതി അജിതാ ദേവി<br>ഡയറി എക്സ്റ്റൻഷൻ |

| | | | |
|---|---|---|---|
| | | | ഓഫീസർ |
| 3-8 | | 149958 | ശ്രീ രാഘവൻ.പി<br>അസ്സിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീമതി. ബിന്ദു വേലായുധൻ<br>അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | | 168885 | ശ്രീ രാഘവൻ.പി<br>അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 186530 | 393979 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നമ്പർ* | *തുക* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-9 | 199684 | ശ്രീമതി. മിനിബായി, സെക്രട്ടറി |
| 3-18 | 350000 | ശ്രീ. കെ.എം.എബ്രഹാം<br>അസ്സിസ്റ്റന്റ് സെക്രട്ടറി |
| 3-19 | 250000 | ശ്രീ. കെ.എം.എബ്രഹാം<br>അസ്സിസ്റ്റന്റ് സെക്രട്ടറി |
| 3-23 | 4365413 | ശ്രീ. രാഘവൻ.പി<br>അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 5235097 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

-

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

-

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| *പേരും ഉദ്യോഗപ്പേരും* | *ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന* | *സ്ഥിരം മേൽവിലാസം* |
|---|---|---|

| | | |
|---|---|---|
| | *സമയത്തെ) ഔദ്യോഗിക മേൽവിലാസം* | |
| ശ്രീ. കെ.എം.എബ്രഹാം<br>അസ്സിസ്റ്റന്റ് സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ച | പൊള്ളയിൽ ഹൗസ്<br>മന്താനം.പി.ഒ<br>കുന്നന്താനം |
| ശ്രീ. രാഘവൻ.പി<br>അസ്സിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കോയിപ്രം ഗ്രാമപഞ്ചായത്ത് | വൈകുണ്ഡം ഹൗസ്<br>പുത്തമ്പലം പി.ഒ<br>കൊല്ലം |
| ശ്രീമതി. ബിന്ദു വേലായുധൻ<br>അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എൻജീനിയർ<br>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | പ്രസാദം, കവിയൂർ. പി.ഒ.<br>തിരുവല്ല, പത്തനംതിട്ട ജില്ല. |
| ശ്രീമതി. മിനിബായി<br>സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ച | വേങ്ങശ്ശേരിൽ വീട്<br>തിരുമൂലപുരം.പി.ഒ<br>തിരുവല്ല |
| ശ്രീമതി. അജിതാ ദേവി<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ<br>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | കോലോട്ട് കുന്ന് ഹൗസ്<br>മുടിയൂർക്കോണം.പി.ഒ<br>പന്തളം |

## (4-9) തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1993-94 | എൽ.എഫ്.പി.റ്റി.എ.പി8/1092/12 തീയതി 01.12.2011/30.11.12 |
| 1995-96 | എൽ.എഫ്.പി.റ്റി.എ/പി8/396/11 തീയതി 01.12.2011/07.05.2012 |
| 1996-97 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ.പി3/273/08 തീയതി 31.10.2008/06.11.2009 |

| | |
|---|---|
| 1997-98(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3/68/99 തീയതി 09.02.99/06.03.99 |
| 1997-98 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ.പി5/274/08 തീയതി 24.12.2008/06.11.2009 |
| 1998-99(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3/568/99 തീയതി 29.04.2000/12.05.2000 |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ.പി7/09/10 തീയതി 12.07.2010/29.07.2011 |
| 1999-00 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ.പി7/10/10 തീയതി 12.07.2010/29.07.2011 |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3/826/02 തീയതി 09.06.2005/17.06.2005 |
| 2000-01(ജ.ആ) | എൽ.എഫ്.പി.റ്റി.എ.പി3/156/04 തീയതി18.05.2004/27.07.2004 |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3/696/05 തീയതി08.02.2006/31.03.2006 |
| 2001-02(ജ.ആ) | എൽ.എഫ്.പി.റ്റി.എ.പി3/155/04 തീയതി 18.05.2004/23.07.2004 |
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3/697/05 തീയതി 08.02.2006/31.03.2006 |
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5/702/06 തീയതി 17.03.2007/15.12.2007 |
| 2002-03 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ.പി7/51/10 തീയതി 04.10.2010/29.07.2011 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി7/207/09 തീയതി 27.02.2010/22.10.2011 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി7/208/09 തീയതി 15.02.2009/28.10.2011 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി7/209/0തീയതി 27.02.2009/28.10.2011 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി5/1097/11 തീയതി 30.12.2011/01.04.2014 |

| | |
|---|---|
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി5/1098/11 തീയതി 30.12.2011 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി5/1099/11 തീയതി 02.01.2012 |
| 2009-10 | എൽ.എഫ്.പി.റ്റി.എ.പി5/100/11 തീയതി 30.12.12/03.04.2014 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ.പി8/801/2011 തീയതി11.02.2014/08.08.2014 |
| 2012-13 | കെ.എസ്.എ.പി.റ്റി.എ പി8/276/2015 തീയതി 07.08.2015 |
| 2013-14 & 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി.8. 115/2016 തീയതി: 06.02.2016 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന

ഓഡിറ്റ് വകുപ്പ്.

# Annexure-1

# AUDIT CERTIFICATE

No.K.S.A.PTA. P8/31/17 Dated : 30.01.2017.

Certified that I have examined the Annual Financial Statement of Koipram Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Koipram Gramma Panchayat for the year 2015-16 except the obeservations in my report properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി 8/31/17 തീയതി :30.01.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമ പഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട